പൈതൃകം

# കാളിദാസൻ ഇന്ത്യയുടെ



*കാളിദാസന്റെ ഒരു രേഖാചിത്രം.*

**ഭാ**രതീയ സാഹിത്യകാരന്മാരിൽ പ്രഥമസ്ഥാനമർഹിക്കുന്ന മഹാകവിയാണു കാളിദാസൻ. പാശ്ചാത്യ രാജ്യങ്ങളിൽ അദ്ദേഹത്തോളം പ്രശസ്തി ആർജിക്കാൻ കഴിഞ്ഞിട്ടുള്ള മറ്റൊരു കവി ഇല്ല. ഇംഗ്ലീഷ് സാഹിത്യസർവഭൗമനായ ഷേക്സ്പിയർക്കു സമശീർഷനായിട്ടാണു നിരൂപകർ കാളിദാസനെ പരിഗണിക്കുന്നത്. കാളിദാസന്റെ ഏതെങ്കിലുമൊരു കൃതിയോ അതിന്റെ പരിഭാഷയോ വായിച്ചിട്ടില്ലാത്തവർ ആരും തന്നെ കാണുമെന്നു തോന്നുന്നില്ല.

കാളിദാസന്റെ ജീവിതത്തെപ്പറ്റി ഐതിഹ്യങ്ങളിൽ കൂടി കിട്ടുന്ന വിവരങ്ങൾ മാത്രമേ നമുക്കുള്ളു. അവ പലതും വിശ്വസനീയങ്ങളുമല്ല. ചില ശിലാരേഖകളിലും ഇതര ഗ്രന്ഥങ്ങളിലും നിന്നു കിട്ടുന്ന തെളിവുകൾ വെച്ചുകൊണ്ടു കാളിദാസൻ എ.ഡി. അഞ്ചാംശതകത്തിലോ ആറാം ശതകത്തിലോ മാൾവയിൽ ജീവിച്ചിരുന്നു എന്ന അനുമാനമാണു പ്രബലമായിട്ടുള്ളത്.

വിക്രമാദിത്യസദസ്സിലെ 'നവരത്നങ്ങളിൽ' പ്രമുഖനായിരുന്നു കാളിദാസൻ എന്നതു പ്രസിദ്ധമാണല്ലൊ. മൂഢനും പാമരനുമായിരുന്ന കാളിദാസൻ കാളീപ്രസാദത്താൽ വിഖ്യാതകവിയായിത്തീർന്നു എന്നാണ് ഐതിഹ്യം. രഘുവംശം, കുമാരസംഭവം, ഋതുസംഹാരം, മേഘദൂത് എന്നീ കാവ്യങ്ങളും ശാകുന്തളം, വിക്രമോർവശീയം, മാളവികാഗ്നിമിത്രം എന്നീ നാടകങ്ങളുമാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ.

**ഋതുസംഹാരം:** കാളിദാസന്റെ ആദ്യകാല രചനയാണിതെന്നു കരുതപ്പെടുന്നു. ആറ് അധ്യായങ്ങളിലായി 155 ശ്ലോകങ്ങളടങ്ങുന്ന ഈ കാവ്യത്തിൽ ഋതുഭേദങ്ങളിലെ പ്രകൃതിയുടെ ഭാവപ്പകർച്ചകളും അവ മാനവഹൃദയത്തിലുളവാക്കുന്ന വികാരങ്ങളും മനോഹരമായി ആവിഷ്കരിച്ചിരിക്കുന്നു.

**മേഘദൂത്:** സന്ദേശകാവ്യം എന്ന സാഹിത്യരൂപത്തിനു മാതൃകയായിത്തീർന്ന കാവ്യമാണു മേഘദൂത്. യക്ഷരാജാവായ കുബേരന്റെ കോപം കൊണ്ടു ഒരു വർഷത്തേക്കു നാട്ടിൽ നിന്നും നിഷ്കാസിതനായ ഒരു യക്ഷൻ രാമഗിരി പ്രദേശത്തു കഴിഞ്ഞു കൂടേണ്ടി വന്നു. അസഹ്യമായ കാന്താവിരഹം കൊണ്ടു പരവശനായ യക്ഷൻ കുബേരന്റെ രാജധാനിയിൽ താമസിക്കുന്ന തന്റെ പ്രിയതമയ്ക്കു മേഘം മുഖാന്തിരം ഒരു സന്ദേശം കൊടുത്തയയ്ക്കുന്നു. അതാണു മേഘദൂത്. ഈ കാവ്യത്തിൽ 121 പദ്യങ്ങളുണ്ട്.



*കുമാരസംഭവം*



*വിക്രമോർവശീയം*

**കുമാരസംഭവം:** ഈ മഹാകാവ്യത്തിൽ ശിവപാർവതീ വിവാഹവും കുമാര (കാർത്തികേയൻ/സുബ്രഹ്മണ്യൻ)ന്റെ ജനനം, താരകാസുര വധം എന്നിവ വർണിച്ചിരിക്കുന്നു.

*"അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ*

*ഹിമാലയോ നാമ നഗാധിരാജഃ"*

എന്ന ഹൃദയാവർജകമായ ഹിമാലയവർണനയോടെയാണു കാവ്യം ആരംഭിക്കുന്നത്.

**രഘുവംശം:** മഹാകാവ്യത്തിന്റെ ലക്ഷണമൊത്ത മാതൃക എന്നു വിശേഷിപ്പിക്കപ്പെടുന്നു. കാളിദാസന്റെ രചനാ

# മഹാനായ കവിയും നാടകകൃത്തും

വൈഭവം പ്രകടമാകുന്ന ഈ കൃതിയിൽ പത്തൊൻപത് അധ്യായങ്ങളിലായി ദിലീപൻ മുതൽ അഗ്നിവർണൻ വരെയുള്ള ഇരുപത്തിയൊൻപതു സൂര്യവംശരാജാക്കന്മാരുടെ ചരിത്രം പ്രതിപാദിക്കുന്നു.



*രഘുവംശം*

**മാളവികാഗ്നിമിത്രം:** ബി.സി. രണ്ടാംശതകത്തിൽ രാജ്യം ഭരിച്ചിരുന്ന അഗ്നിമിത്രരാജാവിന്റെയും അദ്ദേഹത്തിന്റെ പട്ടമഹിഷിയുടെ പരിചാരികയായിരുന്ന മാളവികയുടെയും പ്രണയമാണ് ഈ നാടകത്തിലെ ഇതിവൃത്തം.

**വിക്രമോർവശീയം:** അപ്സരസ്സായ ഉർവശിയുടെയും പുരൂരവസ്സ് രാജാവിന്റെയും പ്രണയമാണ് അഞ്ച് അധ്യായങ്ങളുള്ള ഈ നാടകത്തിലെ പ്രതിപാദ്യം.

**അഭിജ്ഞാനശാകുന്തളം:** മഹാഭാരതത്തിലെ ശകുന്തളോപാഖ്യാനമാണു ശകുന്തളത്തിലെ കഥാവസ്തു. കാളിദാസൻ ഇതിൽ ഏറെ മാറ്റം വരുത്തിയിട്ടുണ്ട്. വിശ്വാമിത്രമഹർഷിക്കു മേനക എന്ന അപ്സരസ്സിൽ പിറന്ന മകളാണു ശകുന്തള. മാലിനി നദിക്കരയിൽ മേനക ഉപേക്ഷിച്ച കുട്ടിയെ കണ്വമഹർഷി എടുത്തുവളർത്തി. ശകുന്തങ്ങൾ പരിപാലിച്ചതിനാൽ അവളെ 'ശകുന്തള' എന്നു വിളിച്ചു.

കണ്വാശ്രമത്തിൽ വളർന്നു യൗവനത്തിലെത്തിയ ശകുന്തളയെ ഒരുനാൾ മൃഗയാവിനോദത്തിനു കാട്ടിലെത്തിയ ദുഷ്യന്തമഹാരാജാവ് കണ്ടുമുട്ടുന്നു. പ്രഥമദർശനത്തിൽ തന്നെ പ്രണയബദ്ധരായിത്തീർന്ന ഇരുവരും, താതകണ്വന്റെ അഭാവത്തിൽ, ഗാന്ധർവ വിധിപ്രകാരം വിവാഹിതരാകുന്നു. ശകുന്തളയെ കൂട്ടിക്കൊണ്ടുപോകാൻ മൂന്നുദിവസത്തിനുള്ളിൽ ആളെ അയയ്ക്കുമെന്നു പറഞ്ഞു ദുഷ്യന്തൻ രാജധാനിയിലേക്കു മടങ്ങി. എന്നാൽ രാജാവു വാക്കു പാലിച്ചില്ല. ശകുന്തള ഒരു പുത്രനു ജന്മം നല്കി. കണ്വമഹർഷി ശകുന്തളയെയും പുത്രനെയും തന്റെ ശിഷ്യന്മാർക്കൊപ്പം ദുഷ്യന്തന്റെ രാജധാനിയിലേക്ക് അയച്ചു.



*താമരയിലയിൽ ദുഷ്യന്തനു സന്ദേശമെഴുതുന്ന ശകുന്തള*



*ശകുന്തളയും തോഴിമാരും*

പക്ഷേ, ലോകാപവാദം ഭയന്ന ദുഷ്യന്തൻ ശകുന്തളയെയും തന്റെ പുത്രനെയും സ്വീകരിക്കാൻ ആദ്യം വിസമ്മതിച്ചുവെങ്കിലും പിന്നീട് ഒരശരീരി കേൾക്കുകയും അതിൻപ്രകാരം അദ്ദേഹം തന്റെ ഭാര്യയെയും പുത്രനെയും സ്വീകരിക്കുകയും ചെയ്യുന്നതോടെ കഥ സമംഗളം പര്യവസാനിക്കുന്നു.

മഹാഭാരതത്തിൽ ദുഷ്യന്തൻ അഭിജ്ഞാനമായി (അടയാളമായി) ശകുന്തളയ്ക്കു മുദ്രമോതിരം കൊടുക്കുന്നതായോ ദുർവാസാവ് ശകുന്തളയെ ശപിക്കുന്നതായോ പറയുന്നില്ല. എന്നാൽ, നാടകവിജയത്തിനായി കാളിദാസൻ വരുത്തിയ ഇത്തരം വ്യതിയാനങ്ങൾ അതിന്റെ ആസ്വാദ്യത വർധിപ്പിച്ചിട്ടേയുള്ളൂ.

കാളിദാസകൃതികൾ ലോകത്തിലെ ഒട്ടുമിക്ക ഭാഷകളിലേക്കും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. വിശ്വസാഹിത്യത്തിലെ ഈടുവയ്പുകളാണ് അവയെല്ലാം തന്നെ. ***

വിശകലനം

# യുപി വികസനത്തിനു

ഉത്തർപ്രദേശിന്റെ വിവിധഭാഗങ്ങളിൽ പ്രത്യേക സംസ്ഥാനത്തിനായുള്ള ജനാഭിലാഷം ശക്തമാണ്. പശ്ചിമ യു.പി. 'ഹരിതപ്രദേശ്' എന്ന പേരിൽ സംസ്ഥാനമാക്കണമെന്ന് രാഷ്ട്രീയ ലോക്ദൾ ആവശ്യപ്പെടുന്നു. പൂർവ യു.പിയിലും ബുന്ദേൽഖണ്ഡ് മേഖലയിലും ഇതുതന്നെയാണ് അവസ്ഥ. ഗവൺമെണ്ട് ഉത്തർപ്രദേശിലെ അഞ്ചേക്കർവരെ ഭൂമിയുള്ള കർഷകർക്ക് അനുവദിച്ച കടാശ്വാസം പോലും ബുന്ദേൽഖണ്ഡിലെ കർഷകർക്ക് ഗുണകരമായില്ല. കാരണം ബുന്ദേൽഖണ്ഡിലെ നല്ല പങ്ക് കർഷകർക്കും പത്തും പതിനഞ്ചും ഏക്കർ ഭൂമിയുണ്ട്. പക്ഷേ വരണ്ട ഈ ഊഷരഭൂമിയിൽ നിന്നും നിത്യവൃത്തിക്കുള്ള വകപോലും കിട്ടാറില്ല. ഇവിടത്തെ കർഷകരുടെ കൂട്ട ആത്മഹത്യയെക്കുറിച്ച് അലഹബാദ് ഹൈക്കോടതി സ്വന്ത താത്പര്യപ്രകാരം (Suo moto) കേസ് എടുത്തിരുന്നു. വികസനം എത്തിനോക്കാത്ത ഇത്തരം മേഖലകൾക്ക് വിഭജനം ഗുണകരമാകും. പൂർവാഞ്ചൽ, പശ്ചിംപ്രദേശ്, ബുന്ദേൽഖണ്ഡ്, അവധ്പ്രദേശ് എന്നിങ്ങനെ നാലു സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടാൽ വികസനം ത്വരിതപ്പെടും എന്നുള്ളതിനു സംശയമില്ല. എന്നാൽ 'വികസനത്തിനുവേണ്ടി വിഭജനം' എന്ന മുദ്രാവാക്യമുയർത്തുന്നത് ആത്മാർത്ഥതയോടെയാണോ അതോ താത്ക്കാലിക രാഷ്ട്രീയനേട്ടങ്ങൾ ലക്ഷ്യമാക്കിയാണോ എന്നതാണ് പ്രധാനം. അല്ലെങ്കിൽ 'വിഭജനം വിനാശത്തിലേക്ക്' എന്ന സമാജ്‌വാദി പാർട്ടി ഉയർത്തുന്ന മുദ്രാവാക്യമായിരിക്കും യാഥാർത്ഥ്യമാവുക.



ഉത്തർപ്രദേശിൽ അടുത്തവർഷമാദ്യം നിയമസഭാ ഇലക്ഷൻ നടക്കുകയാണ്. രാഷ്ട്രീയപാർട്ടികളെല്ലാം തെരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചു കഴിഞ്ഞു ഫുൽപൂരിൽ (മുൻ പ്രധാനമന്ത്രി നെഹ്റു സ്ഥിരമായി വിജയിച്ചിരുന്ന ലോക്സഭാ മണ്ഡലം) കഴിഞ്ഞദിവസം പൊതുയോഗത്തിൽ പ്രസംഗിക്കവെ, മായാവതിയുടെ ദുർഭരണം മൂലമാണു സംസ്ഥാനത്തു വികസനം നടക്കാത്തതെന്നു രാഹുൽ ഗാന്ധി കുറ്റപ്പെടുത്തി.

ഇതിനു തൊട്ടുപിന്നാലെ മായാവതി പ്രസ്താവനയിറക്കി- "ഉത്തർപ്രദേശിനെ വിഭജിച്ചു നാലു പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചിരിക്കുന്നു. ഈ മാസം 21-ാം തീയതി ആരംഭിക്കുന്ന നിയമസഭയുടെ ശൈത്യകാലസമ്മേളനത്തിൽ ഇതിനായുള്ള പ്രമേയം പാസാക്കും. ജനങ്ങളുടെ അഭിലാഷപൂർത്തീകരണത്തിനായാണു വിഭജനം. അതു മുൻപേതന്നെ വേണ്ടതായിരുന്നു. ചെറിയ സംസ്ഥാനങ്ങൾ മെച്ചപ്പെട്ട ഭരണനിർവഹണത്തിനും കൂടുതൽ വികസന സാധ്യതകൾക്കും വഴിയൊരുക്കും. കേന്ദ്രഗവൺമെണ്ടിന്റെ അവഗണനയാണു സംസ്ഥാനത്തിന്റെ പിന്നോക്കാവസ്ഥയ്ക്കു കാരണം."

രാഷ്ട്രീയതന്ത്രങ്ങൾ മെനയുന്നതിനുള്ള തന്റെ സാമർത്ഥ്യമാണ് ഈ നീക്കത്തിലൂടെ മായാവതി പുറത്തെടുത്തിരിക്കുന്നത്. അടുത്തുവരുന്ന അസംബ്ലി ഇലക്ഷനിലും മായാവതിയുടെ ബഹുജൻ സമാജ് പാർട്ടി (ബി.എസ്.പി) തന്നെ മുന്നിലെത്തുമെന്നാണു രാഷ്ട്രീയ നിരീക്ഷകർ കരുതുന്നത്. നിലവിൽ യുപിയിലെ 403 അംഗ നിയമസഭയിൽ 221 അംഗങ്ങളുടെ പിന്തുണയോടെ ഒറ്റയ്ക്കു ഭരിക്കുന്ന പാർട്ടിക്ക് അടുത്ത തെരഞ്ഞെടുപ്പിലും ഈ അവസ്ഥ നിലനിർത്താൻ കഴിയുമോ എന്നു സംശയമാണ്. ദളിത് ജനവിഭാഗങ്ങളുടെ പിന്തുണയ്ക്ക് ഒട്ടും കുറവുണ്ടാകില്ലെങ്കിലും ഭരണവിരുദ്ധവികാരത്തിൽ മറ്റു വിഭാഗങ്ങളുടെ വോട്ടുകൾ നഷ്ടപ്പെട്ടേക്കും എന്ന ആശങ്കയിലാണു മുഖ്യമന്ത്രി മായാവതി. ഇതിനു തടയിടുക എന്ന ഉദ്ദേശ്യത്തോടെയാണു സംസ്ഥാന വിഭജനത്തിനുള്ള അവരുടെ നീക്കം.

## കടമ്പകൾ ഒട്ടനവധി

സംസ്ഥാന രൂപീകരണത്തിനു നിരവധി കടമ്പകൾ കടക്കേണ്ടതുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ മൂന്നു പ്രകാരം പാർലമെണ്ടിനാണു സംസ്ഥാന രൂപീകരണത്തിനുള്ള അധികാരം. സംസ്ഥാന ഗവൺമെണ്ട് പ്രമേയം പാസ്സാക്കി കേന്ദ്രത്തിനു സമർപ്പിക്കണം. കേന്ദ്ര ഗവൺമെണ്ട് സംസ്ഥാനത്തിന്റെ ശുപാർശ സ്വീകരിച്ചാൽ പ്രസിഡണ്ടിന്റെ അനുവാദത്തോടെ പാർലമെണ്ടിൽ ബിൽ അവതരിപ്പിച്ചു പാസ്സാക്കണം.

എന്നാൽ, അതിനു മുമ്പായി സംസ്ഥാനത്തിന്റെ അതിരുകൾ നിശ്ചയി

# വിഭജനം അനിവാര്യമോ?




ക്കാനും വസ്തുവകകൾ തിട്ടപ്പെടുത്തുന്നതിനും മറ്റുമായി ഒരു കമ്മീഷനെ കേന്ദ്ര ഗവൺമെണ്ട് നിയോഗിക്കേണ്ടതുണ്ട്. ഈ കമ്മീഷന്റെ ശുപാർശപ്രകാരമേ പാർലമെണ്ടിൽ ബിൽ അവതരിപ്പിക്കാൻ കഴിയൂ. ഇതൊന്നും വളരെപ്പെട്ടെന്നു നടക്കുന്ന കാര്യങ്ങളല്ലാത്തതിനാൽ ഉത്തർപ്രദേശ് വിഭജനം ഉടനെ സംഭവിക്കുമെന്നു കരുതേണ്ടതില്ല.

വിഭജനത്തിനു കടമ്പകൾ ഏറെയുണ്ടെങ്കിലും തന്റെ തീരുമാനത്തിലൂടെ സംസ്ഥാനത്തെ പ്രതിപക്ഷകക്ഷികളെ ഞെട്ടിച്ചിരിക്കുകയാണു മായാവതി. മറ്റു കക്ഷികളുടെ വോട്ടുബാങ്കുകളിൽ വിള്ളൽ വീഴ്ത്താൻ ഇതിടയാക്കുമെന്നതിനു സംശയമില്ല. യാദവ വോട്ടുകൾ തുണയ്ക്കുന്ന സമാജ്‌വാദി പാർട്ടിക്കാണ് ഏറെ നഷ്ടമുണ്ടാവുക എന്നു വിലയിരുത്തപ്പെടുന്നു. സംസ്ഥാന മന്ത്രിസഭയ്ക്കെതിരെ അവിശ്വാസപ്രമേയം കൊണ്ടുവരാനാണു മുലായത്തിന്റെ ശ്രമം. അടുത്ത അസംബ്ലി ഇലക്ഷനിൽ സീറ്റു നിഷേധിക്കപ്പെട്ടിരിക്കുന്ന ബി.എസ്.പി. അംഗങ്ങൾ തുണച്ചാൽ അവിശ്വാസം പാസ്സാകുമെന്നാണു മുലായത്തിന്റെ പക്ഷം.

തെരഞ്ഞെടുപ്പിനു മുമ്പുള്ള ഈ രാഷ്ട്രീയ കരുനീക്കത്തിലൂടെ മായാവതി പടിഞ്ഞാറൻ യുപിയിലെ ജാട്ടുകളുടെ വോട്ടുകളാണു പ്രധാനമായും ലക്ഷ്യമിടുന്നത്. തന്റെ രാഷ്ട്രീയ പ്രതിയോഗികളിൽ ഒരാളായ അജിത്‌സിംഗിന്റെ (രാഷ്ട്രീയ ലോക്ദൾ) അനുയായികളാണിവർ. ബഹുജൻ സമാജ് പാർട്ടിയുടെ നട്ടെല്ലായ യാദവരുടെ എതിരാളികളുമാണിവർ.

യുപിയുടെ പടിഞ്ഞാറൻമേഖല ഫലപുഷ്ടിയുടെയും സമ്പദ്സമൃദ്ധിയുടെയും മേഖലയാണ്. ഈ പ്രദേശവാസികൾ 'ഹരിതപ്രദേശ്' എന്ന പ്രത്യേക സംസ്ഥാനത്തിനുവേണ്ടി വാദിക്കുന്നവരാണ്. തങ്ങളുടെ അധ്വാനഫലമായുണ്ടാകുന്ന സമ്പത്ത് അവിടെത്തന്നെ ചെലവഴിക്കണം. അതാണവരുടെ അവകാശവാദം. നേരേമറിച്ചു യുപിയിലെ തെക്കൻ പ്രദേശമായ ബുന്ദേൽഖണ്ഡ് മിക്കവാറും വരണ്ട ഭൂമിയാണ്. കൃഷിയിൽ നിന്നും ജീവിക്കാനുള്ള വക ലഭിക്കാതെ ആത്മഹത്യ ചെയ്യുന്ന ദരിദ്രകർഷകരുടെ നാടാണിത്. മാറിമാറി വരുന്ന ഗവൺമെണ്ടുകൾ എന്നും ഈ

**ഇന്ത്യൻ ഭരണകൂടത്തെ നിയന്ത്രിച്ചിരുന്നതു യുപി രാഷ്ട്രീയമായിരുന്നു. ഡൽഹിയിലേക്കുള്ള വഴിയായിരുന്നു യുപി. 'ഡൽഹിയിൽ മഞ്ഞുപെയ്താൽ യുപിയിൽ കുളിരും' എന്ന മട്ടിൽ പരസ്പര ബന്ധിതമായിരുന്നു കാര്യങ്ങൾ. ഇന്ത്യയിലെ ബഹുഭൂരിപക്ഷം പ്രധാനമന്ത്രിമാരും യുപിയിൽ നിന്നുള്ളവരായിരുന്നു. 80 ലോക്സഭാ സീറ്റുകളിൽ ഉത്തർപ്രദേശിൽ ജയിച്ചാൽ ഇന്ത്യ ജയിച്ചു എന്നതായിരുന്നു ഒരു കാലഘട്ടത്തിലെ അവസ്ഥ. ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട നിരവധി സ്മരണകളുണർത്തുന്ന സംസ്ഥാനമാണ് യുപി. ഈ സംസ്ഥാനത്തിന്റെ വിഭജനം ഒരു യുഗത്തിന്റെ അന്ത്യമായിരിക്കും. ലോകത്തിലെ ഒരു വൻ ശക്തിരാഷ്ട്രമായിരുന്ന സോവിയറ്റ് യൂണിയന്റെ തകർച്ചയോടു സാമ്യപ്പെടുത്താവുന്നതാണ് ഉത്തർപ്രദേശിന്റെ വിഭജനവും. 25 കോടി ജനങ്ങളുള്ള, പടിഞ്ഞാറ് സഹരൺപൂർ മുതൽ കിഴക്ക് ഗോരഖ്പൂർ വരെ വ്യാപിച്ചിരിക്കുന്ന യുപി ഇന്ത്യ എന്ന മഹാരാജ്യത്തിന്റെ ഒരു ചെറുപതിപ്പാണ്.**



മേഖലയെ അവഗണിച്ചിരുന്നു. പ്രത്യേക സംസ്ഥാനം രൂപീകരിക്കപ്പെട്ടാൽ തങ്ങളുടെ പിന്നോക്കാവസ്ഥയ്ക്കു മാറ്റം വരുമെന്ന് ഇവർ കരുതുന്നു.

സംസ്ഥാനവിഭജനത്തിനുള്ള നീക്കം ദേശീയതലത്തിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണ്. തെലുങ്കാന പ്രക്ഷോഭം ഇപ്പോഴും ആളിക്കത്തുകയാണ്. വിദർഭയും ഗൂർഖാലാന്റുമുൾപ്പെടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും പുതിയ സംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള മുറവിളി ഉയർന്നുകൊണ്ടിരിക്കയാണ്. ഈ നീക്കങ്ങൾക്കെല്ലാം യുപി വിഭജനം ശക്തിപകരുമെന്നുറപ്പാണ്.



മുലായം സിംഗ് യാദവ്

ഇന്ത്യൻ ഭരണകൂടത്തെ നിയന്ത്രിച്ചിരുന്നതു യുപി രാഷ്ട്രീയമായിരുന്നു. ഡൽഹിയിലേക്കുള്ള വഴിയായിരുന്നു യുപി. 'ഡൽഹിയിൽ മഞ്ഞുപെയ്താൽ യുപിയിൽ കുളിരും' എന്ന മട്ടിൽ പരസ്പര ബന്ധിതമായിരുന്നു കാര്യങ്ങൾ. ഇന്ത്യയിലെ ബഹുഭൂരിപക്ഷം പ്രധാനമന്ത്രിമാരും യുപിയിൽ നിന്നുള്ളവരായിരുന്നു. 80 ലോക്സഭാ സീറ്റുകളിൽ ഉത്തർപ്രദേശിൽ ജയിച്ചാൽ ഇന്ത്യ ജയിച്ചു എന്നതായിരുന്നു ഒരു കാലഘട്ടത്തിലെ അവസ്ഥ. ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട നിരവധി സ്മരണകളുണർത്തുന്ന സംസ്ഥാനമാണ് യുപി. ഈ സംസ്ഥാനത്തിന്റെ വിഭജനം ഒരു യുഗത്തിന്റെ അന്ത്യമായിരിക്കും. ലോകത്തിലെ ഒരു വൻ ശക്തിരാഷ്ട്രമായിരുന്ന സോവിയറ്റ് യൂണിയന്റെ തകർച്ചയോടു സാമ്യപ്പെടുത്താവുന്നതാണ് ഉത്തർപ്രദേശിന്റെ വിഭജനവും. 25 കോടി ജനങ്ങളുള്ള, പടിഞ്ഞാറ് സഹരൺപൂർ മുതൽ കിഴക്ക് ഗോരഖ്പൂർ വരെ വ്യാപിച്ചിരിക്കുന്ന യുപി ഇന്ത്യ എന്ന മഹാരാജ്യത്തിന്റെ ഒരു ചെറുപതിപ്പാണ്.

**ഉത്തർപ്രദേശിന്റെ വിഘടനത്തോടെ മഹാരാഷ്ട്രയായിരിക്കും ഏറ്റവും വലിയ സംസ്ഥാനമാവുക. 48 എം.പിമാരാണ് ആ സംസ്ഥാനത്തുള്ളത്. മഹാരാഷ്ട്രാ സംസ്ഥാനത്തിന്റെ സാമ്പത്തിക മേല്ക്കോയ്മയെ പ്പറ്റി പറയേണ്ടതുമില്ലല്ലൊ. മഹാരാഷ്ട്രയുടെ പിന്നിൽ പശ്ചിമബംഗാളും ആന്ധ്രാ പ്രദേശും 42 വീതം എം.പി മാരുമായി നില്ക്കുന്നു. ബീഹാറിൽ 40 എം.പിമാർ. തമിഴ്നാട്ടിൽ 39. ദേശീയ രാഷ്ട്രീയത്തിൽ ഇവരുടെ യെല്ലാം താത്പര്യങ്ങൾക്കു മുൻതൂക്കം കൊടുക്കേണ്ട സാഹചര്യമുണ്ടായേക്കാം.**





അജിത് സിംഗ്

മായാവതിയുടെ രാഷ്ട്രീയസ്വപ്നങ്ങൾ മോഹനമാണ്. ഉത്തർപ്രദേശ് വിഭജിക്കപ്പെടുന്ന പക്ഷം ഒരു പക്ഷേ ബഹുജൻ സമാജ് പാർട്ടിക്ക് ഒന്നിനു പകരം നാലു സംസ്ഥാനങ്ങളായിരിക്കും ലഭിക്കുക. അങ്ങനെയെങ്കിൽ ഒരു ദേശീയ കക്ഷിയായി വളരുന്ന ബിഎസ്പിയുടെ നേതൃസ്ഥാനം വഹിക്കുന്ന മായാവതിക്കു കൂടുതൽ ഉയരങ്ങളിലേക്കു പറക്കാൻ കഴിയും.

ഉത്തർപ്രദേശിന്റെ വിഘടനത്തോടെ മഹാരാഷ്ട്രയായിരിക്കും ഏറ്റവും വലിയ സംസ്ഥാനമാവുക. 48 എം.പിമാരാണ് ആ സംസ്ഥാനത്തുള്ളത്. മഹാരാഷ്ട്രാ സംസ്ഥാനത്തിന്റെ സാമ്പത്തിക മേല്ക്കോയ്മയെപ്പറ്റി പറയേണ്ടതുമില്ലല്ലൊ. മഹാരാഷ്ട്രയുടെ പിന്നിൽ പശ്ചിമബംഗാളും ആന്ധ്രാപ്രദേശും 42 വീതം എം.പിമാരുമായി നില്ക്കുന്നു. ബീഹാറിൽ 40 എം.പിമാർ. തമിഴ്നാട്ടിൽ 39. ദേശീയ രാഷ്ട്രീയത്തിൽ ഇവരുടെയെല്ലാം താത്പര്യങ്ങൾക്കു മുൻതൂക്കം കൊടുക്കേണ്ട സാഹചര്യമുണ്ടായേക്കാം.

മായാവതിയുടെ വിഭജനനിർദേശത്തെ ഒരു രാഷ്ട്രീയപാർട്ടിക്കും എതിർക്കാൻ കഴിയില്ല എന്നതാണ് അവസ്ഥ. രണ്ടാം സംസ്ഥാന പുനസ്സംഘടനാ കമ്മിറ്റി ആവശ്യമാണെന്ന വാദമുയർത്തി കോൺഗ്രസ് തടിതപ്പിയിരിക്കുകയാണ്. ബിജെപി വിഭജനത്തെ തുറന്നെതിർക്കുന്നില്ല. എന്നാൽ, ഇലക്ഷൻ മുന്നിൽ കണ്ടുള്ള രാഷ്ട്രീയ പിത്തലാട്ടമാണു മായാവതി നടത്തുന്നതെന്നു പറഞ്ഞൊഴിഞ്ഞു, അവർ. രാഷ്ട്രീയ ലോക്ദൾ മുൻപുതന്നെ വിഭജനവാദം ഉന്നയിച്ചിരുന്നു. ഏതായാലും മായാവതിയെ അനുകൂലിച്ചാലും എതിർത്താലും നേട്ടം മായാവതിക്കു തന്നെ എന്നതാണു നിരീക്ഷകരുടെ അഭിപ്രായം.



# നളൻ ദമയന്തിയെ പിരിഞ്ഞു പോകുന്നു

## നളചരിതം 5

**സവ്യസാചി**

വസ്ത്രം നഷ്ടപ്പെട്ട നളൻ ഏകവസ്ത്രയായ ദമയന്തിയുടെ വസ്ത്രത്തിൽ ഒരു ഭാഗം മുറിച്ചെടുത്തു തന്റെ നഗ്നത മറയ്ക്കാൻ തീരുമാനിച്ചു. വസ്ത്രം മുറിക്കാൻ എന്തെങ്കിലും ആയുധം കിട്ടുമോ എന്നന്വേഷിച്ചു നളൻ വഴിയമ്പലത്തിനു ചുറ്റും നടന്നു. അപ്പോളതാ, ഒരു പഴയ വാൾ അവിടെ കിടക്കുന്നു. അതെടുത്തു ശബ്ദമുണ്ടാക്കാതെ അദ്ദേഹം ദമയന്തിയുടെ വസ്ത്രത്തിൽ പകുതി മുറിച്ചെടുത്ത് അവളെ വിട്ടു നീങ്ങി.

കുറെ ദൂരം ചെന്നപ്പോൾ നളൻ പിന്നെയും തിരിച്ചെത്തി. ദമയന്തിയെ നോക്കി വിഷാദിയായി നിന്നു. രാജകൊട്ടാരത്തിൽ സർവസുഖങ്ങളോടും കൂടി വാണിരുന്ന എന്റെ പ്രിയപ്പെട്ടവൾ. ഇപ്പോളിതാ, ഒരു വഴിയമ്പലത്തിൽ ആരും സഹായത്തിനില്ലാതെ ഭർത്താവിനാൽ പോലും പരിത്യജിക്കപ്പെട്ടവളായി കിടന്നുറങ്ങുന്നു. ഉണരുമ്പോൾ അവളെന്തു ചെയ്യുമോ ആവോ? നളൻ വിതുമ്പി കരഞ്ഞുപോയി.

മനസ്ഥൈര്യം വീണ്ടെടുത്തു നളൻ പിന്നെയും ദമയന്തിയെ വിട്ടുപോയി. പക്ഷേ, കുറെക്കഴിഞ്ഞു വീണ്ടും തിരിച്ചെത്തി ദമയന്തിയെ നോക്കി നില്പായി. മനസ്സുപിന്നെയും പല വിചാരങ്ങളിൽ ഉഴറി. കാറ്റും സൂര്യനും പോലും എന്റെ ഈ പ്രിയതമയെ കാണുമായിരുന്നില്ല. ഇപ്പോളിതാ, അനാഥയായി കാട്ടിലെ വഴിയമ്പലത്തിൽ വെറും നിലത്തു കിടന്നുറങ്ങുന്നു. എങ്കിലും ഞാൻ പോകുന്നതാണു നല്ലത്. നളൻ പിന്നെയും ദമയന്തിയെ വിട്ടു പോയി.

പക്ഷേ, വീണ്ടും തിരിച്ചെത്തി നളൻ. അവളെ വിട്ടുപോകാനും പോകാതിരിക്കാനും വയ്യാതെ അദ്ദേഹം വല്ലാതെ സംഘർഷത്തിലായി. ഭാര്യയോടുള്ള സ്നേഹം കൊണ്ടു തന്നെയാണു പോകാനും പോകാതിരിക്കാനും വയ്യാതെ അദ്ദേഹം വലഞ്ഞത്. ഇതു പല തവണ ആവർത്തിച്ചു.

അവസാനം നളൻ, ഉറങ്ങിക്കിടക്കുന്ന ദമയന്തിയെ ഇങ്ങനെ ആശ്വസിപ്പിച്ചു: മഹാഭാഗേ, ദമയന്തീ, നീ ധർമ സംവൃതയാണ്. നിന്നെ അപമാനിക്കാൻ ആർക്കും കഴിയില്ല. ആദിത്യനും വസുവും ദേവേന്ദ്രനും മരുത്തും അശ്വിനി ദേവകളും നിന്നെ സംരക്ഷിച്ചുകൊള്ളും.

ഇത്രയും പറഞ്ഞു നളൻ ഉള്ളിൽ കരഞ്ഞുകൊണ്ടു പെട്ടെന്ന് ഓടിപ്പോയി.

**മകളേ ദമയന്തീ, തപസ്വിമാർ വാത്സല്യപൂർവം അവളെ സംബോധന ചെയ്തു കൊണ്ടു പറഞ്ഞു. വിഷമിക്കേണ്ട. തപസിന്റെ ശക്തികൊണ്ടു ഞങ്ങൾ നളനെ കാണുന്നുണ്ട്. ശത്രുപീഡനങ്ങളിൽ അദ്ദേഹം തളർന്നിരിക്കുന്നു. അദ്ദേഹത്തിന്റെ ബുദ്ധിയും മന്ദീഭവിച്ചിരിക്കുന്നു. എങ്കിലും ഭയപ്പെടേണ്ട. എല്ലാ കഷ്ടപ്പാടുകളും മാഞ്ഞുപോകും. ധർമിഷ്ഠനായ നളൻ പൂർവാധികം തേജസ്വിയായി രാജപദവിയിൽ തിരിച്ചെത്തും. നീ ആശ്വസിക്കുക മകളേ, ഏറെ വൈകാതെ നിങ്ങൾ തമ്മിൽ കണ്ടുമുട്ടും.**

കുറച്ചേറെ നീണ്ട ഉറക്കത്തിനുശേഷം ഉണർന്ന ദമയന്തി നടുങ്ങിപ്പോയി. എവിടെ നളൻ? നാഥാ, മഹാരാജാ, പ്രിയതമാ നീയെവിടെ? അവൾ കരഞ്ഞുകൊണ്ടു വിളിച്ചു ചോദിച്ചു: മഹാരാജാവേ, അങ്ങെവിടെയാണ്? എന്നെ പരീക്ഷിക്കാൻ മരങ്ങൾക്കിടയിൽ ഒളിച്ചു നില്ക്കുകയാണോ? എന്നെവിട്ടു പോകില്ലെന്ന് അങ്ങുറപ്പു പറഞ്ഞതല്ലേ? ഹാ, പ്രാണനാഥാ, എനിക്കു വയ്യ. ഞാനിനിയെന്തുചെയ്യും? അവൾ ഉറക്കെ കരഞ്ഞുപോയി.

ഈ കൊടുംകാട്ടിൽ, കാട്ടുമൃഗങ്ങൾക്കും കള്ളന്മാർക്കും നടുവിൽ അങ്ങെന്നെ ഉപേക്ഷിച്ചുകളഞ്ഞല്ലോ. ഇനി അങ്ങു തനിച്ചെന്തു ചെയ്യും? വിശന്നു തളർന്നു വല്ല മരച്ചുവട്ടിലും വീണുപോയാൽ, പ്രാണപ്രിയാ, അങ്ങെന്തു ചെയ്യും?

കരഞ്ഞും നെടുവീർപ്പിട്ടും ദമയന്തി അവിടെയെല്ലാം ഉഴറി നടന്നു. കല്ലിലും മുള്ളിലും കാൽ തട്ടി വീണു. വീണ്ടും പിടഞ്ഞെഴുന്നേറ്റു. ഓരോ മരവും കാണുമ്പോൾ അതിന്റെ മറവിൽ നളനുണ്ടാകും എന്നവൾ വെറുതെ പ്രതീക്ഷിച്ചു. കരഞ്ഞും കണ്ണീരൊഴുക്കിയും ചുടുനെടുവീർപ്പുകൾ വിട്ടും ദമയന്തി വിവശയായി. വഴിയമ്പലത്തിണ്ണയിൽ അവൾ പിന്നെയും ചാഞ്ഞിരിപ്പായി.

ഞാനും എന്റെ പ്രാണനാഥനും, ആരുടെ കുറ്റം കൊണ്ടാണോ ഇപ്രകാരം കൊടും പീഡകൾ സഹിക്കേണ്ടിവരുന്നത്, ആ മഹാപാപി എരിതീയിൽ വീണ ഈയാംപാറ്റപോലെ കരിഞ്ഞുപോകട്ടെ. ദമയന്തി സഹിക്കാനാവാതെ ശാപവചനങ്ങൾ ഉരുവിട്ടു. പിന്നെയും തളർന്നിരുന്നു മയങ്ങിപ്പോയി.

കാലിൽ ആരോ പിടികൂടിയതുപോലെ തോന്നി ദമയന്തി ഞെട്ടിയുണർന്നു. നോക്കുമ്പോൾ ഒരു പെരുമ്പാമ്പ്. അവളുടെ ഒരു കാലു പാതി വായി



പാതിവ്രത്യശക്തികൊണ്ടു ജ്വലിക്കുന്ന ആത്മബലം ഉണർത്തി
അവൾ കാട്ടാളനെ ശപിച്ചു: നളനല്ലാതെ മറ്റൊരു പുരുഷൻ എന്റെ
ചിന്തയിൽ പോലും കടന്നുവന്നിട്ടില്ലെങ്കിൽ
ഈ ക്ഷുദ്രനായ വേടൻ ചത്തുവീഴട്ടെ.

ലാക്കി കഴിഞ്ഞിരിക്കുന്നു. അവൾ ഉറക്കെ ഭർത്താവിനെ വിളിച്ചു കരഞ്ഞു: നളമഹാരാജാവേ, എന്റെ പ്രാണനാഥാ, ഓടിയെത്തണേ. എന്നെയിതാ ഒരു പെരുമ്പാമ്പു വിഴുങ്ങുന്നു. അങ്ങെവിടെയാണ്? എന്നെ രക്ഷിക്കാനാരുമില്ലല്ലൊ.

എന്റെ ഭർത്താവിനെ ഇനി ആര് ആശ്വസിപ്പിക്കും? എന്റെ കുട്ടികളെ ആരു സംരക്ഷിക്കും. ഈശ്വരന്മാരേ രക്ഷിക്കണമേ. ഭക്തവത്സലരായ നിങ്ങൾ ഈയുള്ളവളെ കൈവെടിയല്ലേ. ഭീതികൊണ്ടും പ്രാണവേദനകൊണ്ടും ദമയന്തി തളർന്നുവീണു ബോധം മറഞ്ഞു.

നിലവിളികേട്ട് ഒരു വേടൻ അവിടേക്കു പാഞ്ഞെത്തി. സുന്ദരിയായ ഒരു പെൺകൊടിയെ പെരുമ്പാമ്പു വിഴുങ്ങുന്നു. മൂർച്ചയേറിയ ശസ്ത്രം കൊണ്ടയാൾ പെരുമ്പാമ്പിനെ തലമുതൽ താഴേക്കു പിളർന്നു. പെരുമ്പാമ്പു ചത്തുവീണു. വേടൻ ഇലക്കുമ്പിളിൽ കുറച്ചു വെള്ളം എടുത്തുകൊണ്ടുവന്നു ദമയന്തിയുടെ മുഖത്തു തളിച്ചു. മോഹാലസ്യം വിട്ടു കണ്ണു തുറന്ന അവൾ ആശ്ചര്യപരതന്ത്രയായി. താൻ രക്ഷിക്കപ്പെട്ടിരിക്കുന്നു! തന്നെ വിഴുങ്ങാനടുത്ത പെരുമ്പാമ്പു ചത്തുകിടക്കുന്നു. വേടനെ കണ്ടപ്പോൾ അവൾക്കു കാര്യം മനസ്സിലായി. പിടഞ്ഞെഴുന്നേറ്റ് ഇരു കൈകളും കൂപ്പികൊണ്ട് അവൾ മൊഴിഞ്ഞു. നന്ദി, സഹോദരാ നന്ദി.

അപ്പോൾ കാട്ടാളൻ ചോദിച്ചു: സുന്ദരീരത്നമേ, നീ ആരുടെ പെണ്ണാണ്? എങ്ങനെ ഈ കാട്ടിൽ വന്നുപെട്ടു?

ദമയന്തി ഉണ്ടായതൊക്കെയും അവനോടു പറഞ്ഞു. തന്റെ ഭർത്താവു നളമഹാരാജാവാണെന്നും കള്ളച്ചൂതിൽ തോറ്റു രാജ്യവും സമ്പത്തുമെല്ലാം നഷ്ടപ്പെട്ടു കാട്ടിൽ പോന്നതാണെന്നും മറ്റും. കഥകേൾക്കെ കാട്ടാളന്റെ കൊതിയൂറുന്ന കണ്ണുകൾ ദമയന്തിയുടെ ശരീരത്തിലാകെ മേഞ്ഞുനടന്നു. സുന്ദരമായ ശരീരവും നിറഞ്ഞ മാറിടവും അർധവസ്ത്രവും മനോഹരമായ കണ്ണുകളും ചന്ദ്രകാന്തി വഴിയുന്ന മുഖവും തേന്മൊഴികളും. അയാൾ അവളെ കെട്ടിപ്പിടിക്കാൻ ആർത്തിയോടെ കൈകൾ നീട്ടി. പാമ്പിന്റെ വായിൽ നിന്നു കാട്ടാളന്റെ വായിൽ പെടാനാണല്ലോ തന്റെ വിധിയെന്നോർത്ത ദമയന്തി അയാൾ തന്റെ ജീവൻ രക്ഷിച്ചതു മറന്നു. പാതിവ്രത്യശക്തികൊണ്ടു ജ്വലിക്കുന്ന ആത്മബലം ഉണർത്തി അവൾ കാട്ടാളനെ ശപിച്ചു: നളനല്ലാതെ മറ്റൊരു പുരുഷൻ എന്റെ ചിന്തയിൽ പോലും കടന്നുവന്നിട്ടില്ലെങ്കിൽ ഈ ക്ഷുദ്രനായ വേടൻ ചത്തുവീഴട്ടെ.

**അവർ ധൈര്യം കൈവിടാതെ ചോദിച്ചു: ഹേ, സുന്ദരീ, നീയാര്? ആരുടെ മകൾ? ആരുടെ ഭാര്യ? നിന്നെ കണ്ടിട്ടു വെറും മനുഷ്യസ്ത്രീയെന്നു തോന്നുന്നില്ല. നീ വനദേവതയാണോ? നദീ ദേവിയാണോ? പർവതപുത്രിയാണോ? അതല്ല, യക്ഷിയോ രാക്ഷസിയോ മറ്റോ ആണോ? ആരായാലും ഞങ്ങളെ ഉപദ്രവിക്കല്ലേ. ഞങ്ങളെ രക്ഷിക്കണേ.**

അങ്ങനെ തന്നെ സംഭവിച്ചു. തീപിടിച്ച വൻമരംപോലെ ആ കാട്ടാളൻ എരിഞ്ഞു താഴെവീണു!

വേടന്റെ ദുരന്തത്തിനു ശേഷം ദമയന്തി കാട്ടിലൂടെ നടന്നുനീങ്ങി. ഭീകരമായ വനം. കാട്ടുമൃഗങ്ങളും ഘോരവിഷപ്പാമ്പുകളും നിർഭയം വിഹരിക്കുന്ന നിബിഡാരണ്യത്തിലൂടെ നടന്നപ്പോൾ അവൾക്ക് ഒട്ടും ഭയം തോന്നിയില്ല. ഭർത്താവിനെ ഓർത്തുള്ള ദുഃഖമേ അവളുടെ മനസ്സിനെ നീറ്റിയുള്ളു. തന്നെ ഏകയായി കാട്ടിൽ വിട്ടുപോയ പ്രിയതമനെ ഓർത്ത് അവൾ വിതുമ്പി.

നിഷധനായകാ, ഈ കൊടുംകാട്ടിൽ എന്നെ ഉപേക്ഷിച്ചു നീയെവിടെയാണു പോയത്? അശ്വമേധം മുതലുള്ള യജ്ഞങ്ങൾ പൂർത്തിയാക്കി യശസ്സും പ്രതാപവും നേടിയ അങ്ങേക്ക് ഇങ്ങനെയൊക്കെ തോന്നാനെന്താണു കാരണം? എന്നോട് അങ്ങു പറഞ്ഞ വാക്കുകൾ ഓർത്തുവയ്ക്കുക. അരയന്നങ്ങൾ നിന്റെ അടുത്തു പറന്നുവന്നു പറഞ്ഞ കാര്യങ്ങളും മറക്കല്ലേ. ഒരു ഭാഗത്തു നാലുവേദങ്ങളും ഉരുവിടുന്നു. മറുവശത്തു സത്യവചസ്സുകൾ മാത്രം അരുൾ ചെയ്യുന്നു. അതുകൊണ്ടു സത്യം പാലിക്കുക. എന്നെക്കാൾ പ്രിയപ്പെട്ടവളായി നിനക്കു മറ്റാരുമില്ലെന്നു നീ എത്രയോ പ്രാവശ്യം എന്നോട് ആണയിട്ടിരിക്കുന്നു. പ്രാണനാഥാ, അതെല്ലാം അങ്ങു മറന്നു പോയോ? ഈ കൊടുംകാട്ടിൽ നീയെവിടെയാണ് ഒളിച്ചിരിക്കുന്നത്? എന്നോടെന്തേ ഒരുവാക്കുപോലും പറയുന്നില്ല? ഈ കാടെന്നെ വല്ലാതെ പേടിപ്പിക്കുന്നു. നീയെന്തേ, വന്നെന്നെ രക്ഷിക്കാത്തു? എനിക്കാകെ പേടിയാവുന്നു. ഓരോ നിമിഷവും നിന്റെ ശബ്ദം ഇപ്പോൾ കേൾക്കും എന്ന പ്രതീക്ഷയോടെയാണു ഞാൻ ജീവൻ നിലനിർത്തുന്നത്. അമൃതമധുരമായ സ്വരത്തിൽ 'വൈദർഭീ' എന്നുള്ള ആ വിളി എപ്പോളാണു ഞാൻ കേൾക്കുക? അങ്ങയുടെ പ്രിയതമയുടെ ഹൃദയത്തിൽ ആ സ്വരം എപ്പോളാണു സാന്ത്വനമായിത്തീരുക?

ഇങ്ങനെ എണ്ണിയെണ്ണിപ്പറഞ്ഞും കരഞ്ഞും ദമയന്തി കാട്ടിലൂടെ നേരേ വടക്കോട്ടു നടന്നു. മൂന്നുരാവും മൂന്നു പകലും പിന്നിട്ടപ്പോൾ അവൾ കാനനമധ്യത്തിലെ ഒരു താപസാശ്രമത്തിൽ എത്തിച്ചേർന്നു. വസിഷ്ഠനും അത്രിയും ഭൃഗുവും പോലെയുള്ള കഠിനതപസ്വികൾ വെള്ളം മാത്രം കുടിച്ചും കാറ്റും ഇലയും മാത്രം ഭക്ഷിച്ചും വ്രതാനുഷ്ഠാനങ്ങളിൽ മുഴുകിയിരിക്കുന്നു.

ആശ്രമത്തിൽ പ്രവേശിച്ച ദമയന്തി വിനയപൂർവം താപസശ്രേഷ്ഠരെ വന്ദിച്ചു. അപ്പോൾ മഹർഷിമാർ ദമയന്തിക്കു സ്വാഗതം പറഞ്ഞു. അവളെ സ്വീകരിച്ചു സത്കരിക്കുകയും ചെയ്തു. എല്ലാം സ്വീകരിച്ചുകൊണ്ടു ദയയന്തി ആശ്രമവാസികളോടു കുശലം ചോദിച്ചു. എല്ലാവരുടെയും തപോനുഷഠാനങ്ങൾ വിഘ്നമൊന്നുമില്ലാതെ നടക്കുന്നില്ലേ? അഗ്നി കെടാതെ ജ്വലിക്കുന്നില്ലേ? മൃഗങ്ങളും പക്ഷികളും ക്ഷേമമായിരിക്കുന്നില്ലേ?

അപ്പോൾ തപസ്വികൾ പറഞ്ഞു: അതേ, സഹോദരീ, ഞങ്ങൾക്കെല്ലാം കുശലം തന്നെ. നിങ്ങൾ എവിടെനിന്നാണ്? നിങ്ങളെ കണ്ടിട്ട് ഒരു സാധാരണസ്ത്രീയാണെന്നു തോന്നുന്നില്ല. നിന്റെ അഴകേറിയ രൂപവും ആകർഷകമായ ഭാവങ്ങളും ചൈതന്യവും

ഞങ്ങൾ തിരിച്ചറിയുന്നു. നീ വനത്തിന്റെ ദേവതയോ പർവതത്തിന്റെ പുത്രിയോ നദീ ദേവിയോ ആരാണ്? ഞങ്ങളോടു സത്യം പറഞ്ഞാലും.

ഞാൻ വനദേവതയല്ല. പർവതപുത്രിയോ നദീദേവിയോ അല്ല. ഞാൻ മനുഷ്യസ്ത്രീയാണ്. വിദർഭ രാജാവു ഭീമന്റെ പുത്രി. നിഷധരാജാവു നളന്റെ പട്ടമഹിഷി. പക്ഷേ, ഇപ്പോൾ രാജ്യമെല്ലാം നഷ്ടപ്പെട്ടു ഞങ്ങൾ കാട്ടിലലയുന്നു. ഇതിനിടയിൽ ഭർത്താവിനെ കാണാനില്ല. ഞാനദ്ദേഹത്തെ തേടി നടക്കുകയാണ്. പറയൂ, മുനിമാരേ, നിങ്ങൾ അദ്ദേഹത്തെയെങ്ങാനും കണ്ടുവോ?

മകളേ ദമയന്തീ, തപസ്വിമാർ വാത്സല്യപൂർവം അവളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു. വിഷമിക്കേണ്ട. തപസിന്റെ ശക്തികൊണ്ടു ഞങ്ങൾ നളനെ കാണുന്നുണ്ട്. ശത്രുപീഡനങ്ങളിൽ അദ്ദേഹം തളർന്നിരിക്കുന്നു. അദ്ദേഹത്തിന്റെ ബുദ്ധിയും മന്ദീഭവിച്ചിരിക്കുന്നു. എങ്കിലും ഭയപ്പെടേണ്ട. എല്ലാ കഷ്ടപ്പാടുകളും മാഞ്ഞുപോകും. ധർമിഷ്ഠനായ നളൻ പൂർവാധികം തേജസ്വിയായി രാജപദവിയിൽ തിരിച്ചെത്തും. നീ ആശ്വസിക്കുക മകളേ, ഏറെ വൈകാതെ നിങ്ങൾ തമ്മിൽ കണ്ടുമുട്ടും.

ഇത്രയും പറഞ്ഞു തീർന്നതേ മഹർഷിമാരും ആശ്രമവും മറഞ്ഞുപോയി! ദമയന്തി ആശ്ചര്യം കൊണ്ടു. ഇതു സ്വപ്നമോ മായയോ മതിഭ്രമമോ? മാമുനികളെവിടെ? ആശ്രമമെവിടെ? ഇവിടെ കണ്ട പുണ്യനദിയെവിടെ? പൂത്തും കായ്ച്ചും നിന്ന മരങ്ങളെവിടെപ്പോയി?

അവൾ പിന്നെയും നിസ്സഹായയായി നിലവിളിച്ചു പോയി. തട്ടിയും തടഞ്ഞും മുന്നോട്ടു നീങ്ങി. കൊടുംകാട്ടിൽ ആരും തുണയില്ല. നേരേ വടക്കു ദിക്കിലേക്കു തന്നെ നടന്നു. വഴിയേറെ പിന്നിട്ടപ്പോൾ കാട്ടിലൊരിടത്തു തമ്പടിച്ചിരിക്കുന്ന ഒരു സാർത്ഥസംഘത്തിന്റെ താത്കാലിക വാസസ്ഥലത്തെത്തി.

അതൊരു ചെറിയ ജനക്കൂട്ടമായിരുന്നു. കച്ചവടസംഘം കുടുംബാംഗങ്ങളോടൊപ്പമാണു സഞ്ചരിച്ചിരുന്നത്. സ്ത്രീകളും കുട്ടികളും, ആന, കുതിര, തേരുകളും ഉണ്ട്. അവർ ദമയന്തിയെ കണ്ട് ആശ്ചര്യപ്പെട്ടു. ഇവളാര്? കാട്ടിൽ നിന്നിറങ്ങിവരുന്നവൾ? ഒറ്റ വസ്ത്രം മാത്രം ധരിച്ചവൾ? കരഞ്ഞു കണ്ണുകൾ കലങ്ങിയും മുഖം വാടിയും കാണപ്പെടുന്നവൾ? എങ്കിലും ദേവലോക സുന്ദരിയെപ്പോലെ കുലീനത്വവും പ്രൗഢിയും തെളിഞ്ഞവൾ?

ദമയന്തിയെ കണ്ടു ചിലർ ചിരിച്ചു. ചിലർ പരിഹസിച്ചു, ചിലർ വിസ്മയം കൊണ്ടു. മറ്റു ചിലർ ഭയപ്പെടുകയും ചെയ്തു. കാട്ടിൽ നിന്നിറങ്ങി വരുന്ന വേഷം മാറിയ യക്ഷിയോ ഭൂതപിശാചുക്കളിലാരെങ്കിലുമോ?

എങ്കിലും അവർ ധൈര്യം കൈവിടാതെ ചോദിച്ചു: ഹേ, സുന്ദരീ, നീയാര്? ആരുടെ മകൾ? ആരുടെ ഭാര്യ? നിന്നെ കണ്ടിട്ടു വെറും മനുഷ്യസ്ത്രീയെന്നു തോന്നുന്നില്ല. നീ വനദേവതയാണോ? നദീ ദേവിയാണോ? പർവതപുത്രിയാണോ? അതല്ല, യക്ഷിയോ രാക്ഷസിയോ മറ്റോ ആണോ? ആരായാലും ഞങ്ങളെ ഉപദ്രവിക്കല്ലേ. ഞങ്ങളെ രക്ഷിക്കണേ.

> **ദമയന്തി പറഞ്ഞു:**
>
> **ഭർത്തവ്യാ രക്ഷണീയാ ച**
> **പത്നീ പത്യാ ഹി സർവദാ**
> **തന്നഷ്ടമുഭയം കസ്മാത്**
> **ധർമജ്ഞസ്യ സതസ്തവ**
>
> *(ഭാര്യ എപ്പോഴും ഭർത്താവിനാൽ സംരക്ഷിക്കപ്പെടേണ്ടവളും രക്ഷിക്കപ്പെടേണ്ടവളുമാണ്. ധർമജ്ഞനായ അങ്ങ് ഇതു രണ്ടും മറന്നുപോയതെന്തുകൊണ്ടാണ്?)*

അയ്യോ, അങ്ങനെയൊന്നുമില്ല. ഞാൻ വെറുമൊരു മനുഷ്യസ്ത്രീ. വിദർഭ രാജാവു ഭീമനാണ് എന്റെ അച്ഛൻ. ഭർത്താവു നിഷധരാജൻ നളനും. ജ്യേഷ്ഠാനുജന്മാർ ചൂതുകളിച്ചപ്പോൾ ജ്യേഷ്ഠൻ തോറ്റുപോയി. കള്ളച്ചൂതായിരുന്നു. ഏതോ ദുഷ്ടദേവത എന്റെ ഭർത്താവിൽ കയറിക്കൂടി അദ്ദേഹത്തിന്റെ ബുദ്ധിയും മനസ്സും മാറ്റിക്കളഞ്ഞു. എല്ലാം നഷ്ടപ്പെട്ടു കാട്ടിലേക്കുപോന്ന ഭർത്താവിന്റെ പിന്നാലെ ഞാനും പോന്നതാണ്. ക്ഷീണം കൊണ്ടു വഴിയമ്പലത്തിൽ തളർന്നുറങ്ങിപ്പോയ ഞാനുണർന്നപ്പോൾ അദ്ദേഹത്തെ കാണാനില്ല. ഞാൻ അദ്ദേഹത്തെ തേടി നടക്കുകയാണ്. പറയൂ, നിങ്ങളാരെങ്കിലും ഈ കാട്ടിൽ അദ്ദേഹത്തെ കണ്ടുവോ? എങ്കിൽ ഞാനദ്ദേഹം ഉള്ള സ്ഥലത്തേക്കു പൊയ്ക്കൊള്ളാം.

അപ്പോൾ അവരിലൊരാൾ മുന്നോട്ടു വന്നു ദമയന്തിയെ വന്ദിച്ചു കൊണ്ടു പറഞ്ഞു: ദേവീ, ഞാൻ ഈ സംഘത്തിന്റെ തലവനാണ്. ഞങ്ങൾ പല രാജ്യങ്ങളിൽ പോയി കച്ചവടം നടത്തി ജീവിക്കുന്നവരാണ്. നിഷധരാജ്യത്തു സംഭവിച്ചതൊക്കെ ഞങ്ങൾ കേട്ടറിഞ്ഞിരിക്കുന്നു. എല്ലാം വിധിനിശ്ചയം. ഈ കാട്ടിൽ ഞങ്ങൾ നള മഹാരാജാവിനെ കണ്ടില്ല. ഹിംസ്രമൃഗങ്ങൾ നിറഞ്ഞ ഈ കൊടും കാട്ടിൽ ഒരു മനുഷ്യൻ ഒറ്റയ്ക്കു നടക്കുക സാഹസം തന്നെ. ഭവതി തന്നെ ഈശ്വരാനുഗ്രഹം കൊണ്ടാണ് ആപത്തൊന്നും ഉണ്ടാവാതെ രക്ഷപെട്ടിരിക്കുന്നത്. ഞങ്ങൾ ഇനി പോകുന്നതു ചേദി രാജ്യത്തേക്കാണ്. ഞങ്ങളോടൊപ്പം പോരൂ. ദേവിയെ ഞങ്ങൾ ചേദി രാജസന്നിധിയിലെത്തിക്കാം.

ദമയന്തിക്ക് ഈ വാക്കുകൾ ആശ്വാസദായകമായി. എല്ലാം ഭഗവൽകൃപ തന്നെ. അവൾ മനസ്സിലോർത്തു. കുറെക്കഴിഞ്ഞു ഭാണ്ഡങ്ങൾ മുറുക്കി യാത്ര തുടർന്ന സാർത്ഥസംഘത്തോടൊപ്പം അവളും കാട്ടുവഴിയിലൂടെ നടപ്പായി.

പിന്നെയും ഏതാനും ദിവസത്തെ വഴി കൂടി അവർ നടന്നു കഴിഞ്ഞ് ഒരു ദിവസം കാട്ടിൽ ഒരു തടാകതീരത്തു താവളമടിച്ചു. അർധരാത്രിയായപ്പോൾ തടാകത്തിൽ വെള്ളം കുടിക്കാനെത്തിയ കാട്ടാനക്കൂട്ടം കച്ചവടസംഘത്തിന്റെ ആനകളെയും കുതിരകളെയും കണ്ടു ക്ഷുഭിതരായി. ആനകൾ തമ്മിലുണ്ടായ ഏറ്റുമുട്ടലിനിടയിൽ ഒട്ടേറെ ആളുകൾ കൊല്ലപ്പെട്ടു. മറ്റുള്ളവർ ജീവനും കൊണ്ടു പലയിടങ്ങളിൽ ഓടിയൊളിച്ചു. ആനകൾ പോയിക്കഴിഞ്ഞപ്പോൾ അവർ പിന്നെയും തിരികെ വന്നു ചിതറിപ്പോയ കച്ചവട സാമഗ്രികളും രത്നങ്ങളും ശേഖരിച്ചു.

അതിനിടയിൽ അവർക്കിടയിൽ ഇങ്ങനെയൊരു സംസാരമുണ്ടായി: നാളിതുവരെ ഒരിക്കലും ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. എത്രയോ കാലമായി നമ്മൾ ഇതുവഴി കടന്നുപോകുന്നു. നമ്മളോടൊപ്പം കൂടിയ ആ സ്ത്രീ വേഷത്തിന്റെ മായയാകുമിത്. അവൾ മനുഷ്യ സ്ത്രീയല്ല. ഏതോ രാക്ഷസിയോ യക്ഷസ്ത്രീയോ പിശാചിയോ ആണ്. അവളിവിടെയെങ്ങാനുമുണ്ടെങ്കിൽ ഇപ്പോൾ തന്നെ കല്ലുകൊണ്ടോ തടികൊണ്ടോ ഇടിച്ചോ അടിച്ചോ കൊല്ലണം.

ആനകളുടെ ആക്രമണത്തിനിടയിൽ ദമയന്തിക്കു ഭാഗ്യവശാൽ പരിക്കൊന്നും പറ്റിയിരുന്നില്ല. അവൾ ഒരു പൊന്തയ്ക്കിടയിൽ പതുങ്ങിയിരിക്കുകയായിരുന്നു. ആളുകളുടെ അഭിപ്രായപ്രകടനങ്ങൾ കേട്ട് അവൾ ഭയവിഹ്വലയായി. ഇരുട്ടിന്റെ മറവുപറ്റി അവൾ പതുക്കെപതുക്കെ ഈശ്വരനെ മനസ്സിൽ ധ്യാനിച്ചു കൊണ്ട് അവിടെ നിന്നു രക്ഷപെട്ടുപോന്നു. *(തുടരും)*

# സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റി

സംസ്ഥാനത്തു സ്കൂൾ വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി പുനഃസംഘടിപ്പിച്ചു. വിദ്യാഭ്യാസമന്ത്രി ചെയർമാനും പൊതു വിദ്യാഭ്യാസ സെക്രട്ടറി വൈസ് ചെയർമാനുമായ കമ്മിറ്റിയിൽ ആകെ 44 അംഗങ്ങളുണ്ട്. മുൻ ഗവൺമെണ്ടിന്റെ കാലത്ത് 24 അംഗങ്ങളേ ഉണ്ടായിരുന്നുള്ളൂ. വിവിധ ക്ലാസു കളിലെ പാഠപുസ്തക നിർമിതിയുടെചുമതല കരിക്കുലം കമ്മിറ്റിക്കാണ്. വിദ്യാഭ്യാസ രംഗത്തു നയപരമായ വ്യത്യാസങ്ങൾ വരുത്തുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കാനും കമ്മിറ്റിക്ക് അവകാശമുണ്ട്.

മുൻ ഗവൺമെണ്ടിന്റെ കാലത്തു രാഷ്ട്രീയ താത്പര്യം മുൻ നിർത്തി തയ്യാറാക്കിയ പാഠപുസ്തകങ്ങൾ വലിയ വിവാദങ്ങൾക്കിടയാക്കിയിരുന്നു. പുതിയ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ അത്തരത്തിലുള്ള സങ്കുചിത താത്പര്യങ്ങൾക്ക് അതീതമായിരിക്കുമെന്നു പ്രതീക്ഷിക്കാം. 44 അംഗ കമ്മിറ്റിയിൽ 15 പേർ ഔദ്യോഗിക അംഗങ്ങളാണ്. കമ്മിറ്റിയംഗങ്ങളുടെ പൂർണ ലിസ്റ്റ് താഴെ ചേർക്കുന്നു.

1. വിദ്യാഭ്യാസ മന്ത്രി *(ചെയർമാൻ)*
2. പൊതുവിദ്യാഭ്യാസ സെക്രട്ടറി *(വൈസ് ചെയർമാൻ)*
3. എസ്.ഇ.ആർ.ടി.ഡയറക്ടർ
4. ഡി.പി.ഐ
5. ഹയർസെക്കണ്ടറി ഡയറക്ടർ
6. വി.എച്ച്.എസ്.ഇ ഡയറക്ടർ
7. എസ്.എസ്.എ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ
8. എൻ.സി.ഇ.ആർ.ടി. പ്രതിനിധി
9. ആസൂത്രണബോർഡ് പ്രതിനിധി
10. സംസ്ഥാന വിദ്യാഭ്യാസ ഉപദേശക സമിതി ചെയർമാൻ
11. എസ്.ഐ.ഇ.ടി ഡയറക്ടർ
12. ഐ.റ്റി.അറ്റ് സ്കൂൾ ഡയറക്ടർ
13. പ്രിൻസിപ്പൽ, എസ്.ഐ.ഇ., തൃശൂർ
14. കോഴിക്കോട് സർവകലാശാല, വിദ്യാഭ്യാസവിഭാഗം മേധാവി
15. സെക്രട്ടറി, സി.ബി.എസ്.ഇ.
16. ബി.ഹൃദയകുമാരി
17. കെ.പി.രാമനുണ്ണി
18. വി.മധുസൂദനൻ നായർ
19. ഡോ. എൻ.പി.ഹാഫിസ് മുഹമ്മദ്
20. ഡോ.അച്യുത് ശങ്കർ
21. ഡോ.സി.നാരായണപിള്ള *(ബി.എഡ്.കോളജ് മുൻ പ്രിൻസിപ്പൽ)*
22. ഡോ.ഷാനവാസ് *(കേരള സർവകലാശാല ലിംഗ്വിസ്റ്റിക് വകുപ്പ്)*
23. പ്രൊഫ.എസ്.എ.ഷാജഹാൻ *(തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ്)*
24. ഡോ.മേഴ്സിക്കുട്ടി *(നാലാഞ്ചിറ മാർ തെയോഫിലോസ് ട്രെയിനിങ് കോളജ് പ്രിൻസിപ്പൽ)*
25. ഡോ.കെ.അനിൽകുമാർ *(ആർട്സ് കോളജ്)*
26. കെ.വിക്രമൻ നായർ *(ജി.എസ്.ടി.യു മുൻ പ്രസിഡണ്ട്)*
27. പി.ഹരിഗോവിന്ദൻ *(കെ.പി.എസ്.ടി.യു പ്രസിഡണ്ട്)*
28. ജെ.ശശി *(ജി.എസ്.ടി.യു പ്രസിഡണ്ട്)*
29. എ.കെ.സൈനുദ്ദീൻ *(കെ.എസ്.ടി.യു ജനറൽ സെക്രട്ടറി)*
30. എം.ഷാജഹാൻ *(കെ.എസ്.ടി.എ ജനറൽ സെക്രട്ടറി)*
31. എ.മുഹമ്മദ് *(കെ.എ.ടി.എഫ് പ്രസിഡണ്ട്)*
32. കെ.ടി.അബ്ദുൾ ലത്തീഫ് *(കെ.എസ്.ടി.യു ജനറൽ സെക്രട്ടറി)*
33. ഷാജു പുത്തൂർ *(എ.എച്ച്.എസ്.ടി ജനറൽ സെക്രട്ടറി)*
34. സിറിയക് കാവിൽ *(കെ.എസ്.ടി.എഫ് പ്രസിഡണ്ട്)*
35. ഷാജി പാരിപ്പള്ളി *(എൻ.വി.എൽ.എ ജനറൽ സെക്രട്ടറി)*
36. റോയ് പി.ജോൺ *(കെ.എസ്.ടി.സി. ജനറൽ സെക്രട്ടറി)*
37. കെ.ടി.ആഷിക് *(ജി.എഫ്.സി. ലക്ചറർ)*
38. എ.മുഹമ്മദ് കബീർ *(ആറ്റിങ്ങൽ ഡയറ്റ് ലക്ചറർ)*
39. കെ.പി.ഷംസുദ്ദീൻ *(ഉറുദു ലക്ചറർ)*
40. സി.ടി.മുഹമ്മദ്
41. പി.ഒ.ഹംസ
42. ഡോ.വി.കുഞ്ഞാലി
43. കെ.എം. അബ്ദുൾ റഷീദ്
44. പ്രൊഫ. കെ.പദ്മാവതി *(ഒറ്റപ്പാലം എൻ.എസ്.എസ് ട്രെയിനിങ്- കോളജ് പ്രിൻസിപ്പൽ)*




# ബുദ്ധിയാണു ശക്തി

ഒരു കാട്ടിൽ ഒരു സിംഹം ഉണ്ടായിരുന്നു. ഖരനഖരൻ എന്നായിരുന്നു അവന്റെ പേര്. കാട്ടിൽ ചുറ്റിനടന്ന് എവിടെ നിന്നെങ്കിലും ഒരു ഇരയെ പിടിച്ചു വിശപ്പടക്കും; ഇതായിരുന്നു പതിവ്.

അന്നൊരു ദിവസം കാടുമുഴുവൻ നടന്നിട്ടും ഇരയെ ഒന്നിനെയും കിട്ടിയില്ല. നടന്നും വിശന്നും തളർന്ന ഖരനഖരൻ ഒരു ഗുഹയിൽ കയറിക്കിടന്നു. അവൻ വിചാരിച്ചു:

“രാത്രിയാകുമ്പോൾ അഭയം തേടി ഏതെങ്കിലും ജീവി വരും. അപ്പോൾ അതിനെ പിടിച്ചു വിശപ്പടക്കാം.” ഖരനഖരൻ ഒച്ചയനക്കമില്ലാതെ ഗുഹയ്ക്കകത്തു കാത്തിരുന്നു.

കുറെക്കഴിഞ്ഞപ്പോൾ ഗുഹയുടെ ഉടമസ്ഥൻ അവിടെയെത്തി. ദധിപുച്ഛൻ എന്നുപേരായ കുറുക്കൻ ആയിരുന്നു ഗുഹയുടെ ഉടമസ്ഥൻ. അവൻ നോക്കിയപ്പോൾ ഗുഹയുടെ പുറത്തു ചില കാല്പാടുകൾ. അവൻ ശ്രദ്ധിച്ചു നോക്കി. മനസ്സിലായി, സിംഹത്തിന്റെ കാല്പാടുകൾ. സിംഹം അകത്തേക്കുപോയ പാടുകളേ കാണുന്നുള്ളു. പുറത്തേക്കിറങ്ങിയതായി കാണുന്നില്ല. ദധിപുച്ഛനു സംശയമായി.

‘‘സിംഹം അകത്തുണ്ടോ? അതോ പുറത്തേക്കു പോയോ? കാര്യമറിയാതെ അകത്തുകടന്നാൽ ആപത്താണ്.”

അവൻ ഒരു ഉപായമെടുത്തു. അവൻ ഗുഹയെ വിളിച്ചു സംസാരിക്കാൻ തുടങ്ങി.

“ഏയ് ഗുഹൻ.....” പിന്നെയും ഉറക്കെയുറക്കെ വിളിച്ചു.



“ഏയ്......ഗുഹൻ......ഏയ്.......”

തിരിച്ചു മറുപടി ഇല്ലാതായപ്പോൾ ദധിപുച്ഛൻ പറഞ്ഞു.

“ഏയ്, ഗുഹൻ...നമ്മൾ തമ്മിൽ പറഞ്ഞിട്ടുള്ള വാക്കുമറന്നോ? ഞാൻ പുറത്തുപോയി വരുമ്പോൾ എന്നും തന്നെ വിളിക്കും, താൻ വിളികേൾക്കണം എന്നു പറഞ്ഞവാക്കു മറന്നോ?”

കുറച്ചുസമയം മിണ്ടാതിരുന്നിട്ടു കുറക്കൻ വീണ്ടും പറഞ്ഞു.

“ചങ്ങാതീ, താൻ മിണ്ടുന്നില്ലെങ്കിൽ ഞാനിതാപോവുകയാണ്.”

ഇതൊക്കെ കേട്ടുകൊണ്ടു സിംഹം ഗുഹയ്ക്ക് അകത്തു കിടക്കുകയായിരുന്നു. അവൻ വിചാരിച്ചു, താനിതിൽ കിടക്കുന്നതുകൊണ്ടായിരിക്കും ഗുഹ മിണ്ടാത്തത്. ഏതായാലും ഗുഹയാണെന്ന ഭാവത്തിൽ എന്തെങ്കിലും പറയാം. അവൻ അകത്തേക്കുവരട്ടെ, വന്നു കിട്ടിയാൽ വിശപ്പും മാറ്റാം എന്നു വിചാരിച്ചു സിംഹം ഒന്നു മുരണ്ടു.

“ഗർ.....ഗർ........”

സിംഹത്തിന്റെ മുരൾച്ചകേൾക്കേണ്ട താമസം കുറുക്കൻ ജീവനും കൊണ്ടോടി. ഓട്ടത്തിനിടയിൽ ദധിപുച്ഛകൻ വിളിച്ചു പറഞ്ഞു:

“ഒരുപാടുകാലമായി ഞാനീ ഗുഹയിൽ കഴിയുന്നു. ഇതുവരെ ഗുഹ മിണ്ടിയിട്ടില്ല, സിംഹത്താനെ. എന്നെ പറ്റിക്കാൻ നോക്കേണ്ട.”

ബുദ്ധിപൂർവം പ്രവർത്തിച്ചാൽ ആപത്തുകളിൽ നിന്നും രക്ഷനേടാം.

# ആയിരം കടലാസുകൊക്കുകൾ

*പ്രിയ കൂട്ടുകാരേ,*

മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഏറ്റുമുട്ടൽ ചരിത്രാതീതകാലം മുതൽ തന്നെ ആരംഭിച്ചിരുന്നു. തന്നെക്കാൾ ദൈവത്തിനു കൂടുതൽ ഇഷ്ടം ആബേലിനെയാണ് എന്നു മനസ്സിലാക്കിയപ്പോഴാണ് ആദിമാതാപിതാക്കളുടെ മൂത്തപുത്രനായ കായേൻ സ്വന്തം സഹോദരനെ ദാരുണമാംവിധം കൊലപ്പെടുത്തിയത്. ബൈബിളിലെ പഴയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഈ സംഭവം ഒരു നടുക്കത്തോടെയാണു നാം വായിക്കാറുള്ളത്!

കുടുംബങ്ങളും കുടുംബങ്ങളും തമ്മിലുള്ള പോരാട്ടം, അയൽക്കാരും അയൽക്കാരും തമ്മിലുള്ള പോരാട്ടം, നാട്ടുരാജ്യങ്ങൾ തമ്മിലുള്ള പോരാട്ടം, രാഷ്ട്രങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള പോരാട്ടം!....ഇങ്ങനെ പോരാട്ടങ്ങളുടെ പട്ടിക നീണ്ടുപോകുന്നു.

യുദ്ധമുണ്ടാകണമെന്ന് ഒരു മനുഷ്യനും ആഗ്രഹിക്കുന്നില്ല. കാരണം, യുദ്ധം മാനവരാശിയെ നാശത്തിലേക്കേ നയിക്കൂ എന്ന സത്യം നാം പലപ്പോഴായി കണ്ടറിഞ്ഞതാണ്.

ക്രിസ്തുവിനു മുമ്പ് 261ൽ മഹാനായ അശോക ചക്രവർത്തിയുടെ ഭരണകാലത്തു നടന്ന കലിംഗയുദ്ധത്തിൽ ആയിരക്കണക്കായ ജനങ്ങളാണു പിടഞ്ഞുവീണു മരിച്ചത്! ഈ ഭയങ്കരരംഗം നേരിൽ കണ്ട ചക്രവർത്തി അതോടെ യുദ്ധം അവസാനിപ്പിച്ചു സമാധാനത്തിന്റെ പാതതേടി.

1945 ആഗസ്റ്റ് 6ന്, ജപ്പാനിലെ ഹിരോഷിമയിൽ അമേരിക്ക ഏറ്റവും മാരകമായ യുറേനിയം ബോംബു വർഷിച്ചു. ആഗസ്റ്റ് 9നു നാഗസാക്കിയിൽ പ്ലൂട്ടോണിയം ബോംബുകളും വിതച്ചു! മനുഷ്യചരിത്രത്തിലെ ഏറ്റവും ദാരുണമായ ദുരന്തങ്ങളായിരുന്നു അവ. ലക്ഷക്കണക്കിനു മനുഷ്യജീവനാണ് അന്നവിടെ പൊലിഞ്ഞത്. അന്നുണ്ടായ അണുപ്രസരണത്തിന്റെ നൊമ്പരം അവിടത്തെ ജനത ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും അവിടെ ജനിക്കുന്ന കുഞ്ഞുങ്ങളിൽ



കൂടുതൽ പേരും മാരകമായ അർബുദത്തിന്റെ അടിമകളാണ്. അവരിൽ ഒരാളാണു സഡാക്കോ സസാക്കി എന്ന കൊച്ചുമിടുക്കി!

ഹിരോഷിമയിൽ ബോംബുവർഷിച്ചപ്പോൾ എട്ടുംപൊട്ടും തിരിയാതെ ഓടിക്കളിച്ചു നടന്നിരുന്ന സഡാക്കോയ്ക്കു 'രക്താർബുദം' എന്ന മാരകരോഗം പിടിപെട്ടു. അതോടെ അവൾ രോഗക്കിടയിലായി.

അക്കാലത്തു ജപ്പാനിലെ കുട്ടികൾക്കിടയിൽ ഒരു വിശ്വാസമുണ്ടായിരുന്നു. കട്ടിക്കടലാസുകൊണ്ട് ആയിരം കൊക്കുകളെ ഉണ്ടാക്കിയാൽ അതുണ്ടാക്കുന്ന കുട്ടിയുടെ ഏത് ആഗ്രഹവും സഫലമാകും എന്നതായിരുന്നു ആ വിശ്വാസം.

അർബുദരോഗത്തിന്റെ പിടിയിൽ നിന്നു രക്ഷപ്പെടാനായി, ആ സുന്ദരിക്കുട്ടി രോഗക്കിടക്കയിലിരുന്നുകൊണ്ടു പ്രത്യാശയോടെ കടലാസുകൊക്കുകളെ ഉണ്ടാക്കാൻ തുടങ്ങി. വിശപ്പിനെക്കുറിച്ചും ദാഹത്തെക്കുറിച്ചും ചിന്തിക്കാൻ അവൾക്കു നേരമുണ്ടായില്ല. ഓരോ നിമിഷവും അവളുടെ ചിന്ത ആയിരം കടലാസു കൊക്കുകളെക്കുറിച്ചു മാത്രമായിരുന്നു.

സഡാക്കോയുടെ കരകൗശലത്തിൽ അനേകം കൊക്കുകൾ ജന്മമെടുത്തു. അവളുടെ രോഗക്കിടക്ക കടലാസു കൊക്കുകളെക്കൊണ്ടു നിറഞ്ഞു.

കൊക്കുകളുടെ എണ്ണം അറുന്നൂറ്റിനാല്പത്തിനാലായി! എന്തുചെയ്യാം? കാലൊച്ച കേൾപ്പിക്കാതെ കള്ളനെപ്പോലെ പതുങ്ങി വന്ന മരണം അപ്പോഴേക്കും സഡാക്കോയെ തട്ടിക്കൊണ്ടുപോയി! എങ്കിലും സഡാക്കോയുടെ കൂട്ടുകാർ 'ആയിരം കടലാസുകൊക്കുകൾ' എന്ന അവളുടെ ആഗ്രഹം പൂർത്തീകരിച്ചു. സഡാക്കോയുടെ മൃതശരീരത്തോടൊപ്പം ആ കൊക്കുകളെയും അടക്കം ചെയ്തു. പില്ക്കാലത്ത് അവളുടെ ഓർമയ്ക്കായി ഹിരോഷിമയിലെ സമാധാനപ്പാർക്കിൽ സ്വർണം കൊണ്ടുള്ള ഒരു കൂറ്റൻ കടലാസുകൊക്കിനെ ഉണ്ടാക്കി വച്ചിട്ടുണ്ട്. ശാന്തിയും സമാധാനവും കളിയാടുന്ന ഒരു ലോകത്തു ജീവിക്കാനാണു സഡാക്കോ ആഗ്രഹിച്ചത്. നമുക്കും അത്തരമൊരു ലോകം സ്വപ്നം കാണാം.

*സസ്നേഹം,*

**സിപ്പിയങ്കിൾ**

**അക്ഷരഗാനം**

## അം

അംഗുലീയ മണിഞ്ഞിട്ട്
അംഗുലികൾ തൻ ചന്തമറിഞ്ഞ്
അംബരചുംബികൾ കാണാനായ്
അംഗനമാരുടെ അന്നനട!

**മാത്യു കാരാംവേലി**



# മാർഷൽ ദ്വീപുകൾ

*മുക്കാൽ ലക്ഷത്തിൽ താഴെ മാത്രം ജനസംഖ്യയുള്ള ഒരു രാജ്യമാണു മാർഷൽ ദ്വീപുകൾ. ഓഷ്യാനിയയിലെ ഈ ദ്വീപസമൂഹ 'രാഷ്ട്രത്തിന്റെ' വിസ്തൃതി 181 ച.കി.മീ. മാത്രവും. സാക്ഷരതയിലും ആയുർദൈർഘ്യത്തിലും മികവു പുലർത്തുന്ന ഇവിടെ ക്രിസ്തുമത വിശ്വാസികളാണ് എല്ലാവരും. റിപ്പബ്ലിക്കൻ രാജ്യമായ മാർഷൽ ഐലന്റ്സിൽ രാഷ്ട്രത്തലവനും സർക്കാർ തലവനും പ്രസിഡണ്ടാണ്. യു.എസ്. ഡോളർ ആണ് ഔദ്യോഗികനാണയം. 65 കി.മീ. മാത്രം റോഡുള്ള ഇവിടെ റെയിൽവേ ഇല്ല. മാർഷലീസും ഇംഗ്ലീഷുമാണു ഭാഷകൾ. തലസ്ഥാനം മജുറോ.*



പശ്ചിമ പസഫിക്കിൽ നൗറുവിനും കിരിബാസിനും വടക്കാണു മാർഷൽ ഐലന്റ്സിന്റെ സ്ഥാനം. 1986 ഒക്ടോബർ 21നു സ്വതന്ത്രമായ ഈ ദ്വീപസമൂഹത്തിൽ 29 പവിഴദ്വീപുകളും അഞ്ചു ദ്വീപുകളും ഉൾപ്പെടുന്നു. സൂര്യോദയം എന്നർത്ഥമുള്ള 'റാതക്,' സൂര്യാസ്തമയം എന്നർത്ഥമുള്ള 'റാലിക്' എന്നീ ശൃംഖലകളിലാണു പ്രധാന പവിഴദ്വീപുകൾ ഉള്ളത്. ജനസംഖ്യയിൽ മൂന്നിൽ രണ്ടും തലസ്ഥാനമായ മജുറോ ദ്വീപിലും. തൊഴിലവസരങ്ങളോ സാമ്പത്തികാഭിവൃദ്ധിയോ ഇല്ലാത്തതിനാൽ മറ്റു ദ്വീപുകൾ ജനശൂന്യമാണ്.

അമേരിക്ക ആദ്യമായി ഹൈഡ്രജൻ ബോംബ് പരീക്ഷിച്ച ബിക്കിനി അറ്റോൾ ഉൾപ്പെടെ ഒമ്പതു ദ്വീപുകൾ നിർജനമാണ്. ഇടയ്ക്കിടെ ചുഴലിക്കൊടുങ്കാറ്റുകൾ മാർഷൽ ദ്വീപുകളെ പിടികൂടാറുണ്ട്.

മാർഷൽ ദ്വീപുകളുടെ പുരാതനചരിത്രത്തെക്കുറിച്ച് അധികമൊന്നും അറിവില്ല. മൂവായിരം വർഷം മുമ്പു തന്നെ തെക്കുകിഴക്കൻ ഏഷ്യയിൽ നിന്നുള്ള ജനവർഗങ്ങൾ ഇവിടെ കുടിയേറി. 1529ൽ സ്പാനിഷ് നാവികരായ അലോൺസോ ഡി സാലസർ മാർഷൽ ദ്വീപുകളിലെത്തി.

1799ൽ എത്തിയ ബ്രിട്ടീഷ് പര്യവേക്ഷകൻ ജോൺ മാർഷയിൽ നിന്നാണു ദ്വീപുകൾക്ക് ആ പേരു കിട്ടിയത്. 1874ൽ സ്പെയിൻ ഈ പ്രദേശങ്ങൾ സ്വന്തമാക്കി. ജർമനിയുമായി തർക്കമുണ്ടായതിനെത്തുടർന്നു പോപ്പിന്റെ മധ്യസ്ഥതയിൽ ജർമനിക്കു ചില ദ്വീപുകളിലുള്ള അവകാശം 1885ൽ സ്പെ



തലസ്ഥാനം മജുറോ

# കേരവൃക്ഷങ്ങളുടെ നാട്



യിൻ അംഗീകരിച്ചു നല്കി. കൊപ്രാ വ്യാപാരമായിരുന്നു യൂറോപ്യൻ ശക്തികളുടെ ലക്ഷ്യം.

ഒന്നാം ലോകമഹായുദ്ധകാലത്തു ദ്വീപുകൾ ജപ്പാൻ കയ്യടക്കി. രണ്ടാം ലോകമഹായുദ്ധകാലത്ത് 1944 ജനുവരി 31ന് അമേരിക്കൻ സൈന്യം ഇവിടെ കപ്പലിറങ്ങി. ജപ്പാനെ പുറത്താക്കി അവർ അധികാരം പിടിച്ചെടുത്തു. രണ്ടാം ലോകമഹായുദ്ധാനന്തരം മൈക്രോനീഷ്യൻ ദ്വീപുകളുടെ മേൽ അധികാരം അമേരിക്കയ്ക്കു ലഭിച്ചു. മാർഷൽ ദ്വീപുകളും അതിൽ ഉൾപ്പെട്ടിരുന്നു.

1946-58 കാലത്ത് 67 അണുബോംബ് പരീക്ഷണങ്ങൾ അമേരിക്ക ഇവിടെ നടത്തി. 1979 മെയ് ഒന്നിനു മാർഷൽ ദ്വീപിന്റെ ഭരണഘടന അമേരിക്ക അംഗീകരിച്ചു. 1986ൽ ദ്വീപുകൾ സ്വതന്ത്ര രാജ്യവുമായി.



*ബിക്കിനി അറ്റോളിൽ അമേരിക്ക നടത്തിയ ഹൈഡ്രജൻ ബോംബ് പരീക്ഷണങ്ങളിൽ ഒന്ന്.*

അമേരിക്കൻ സഹായമാണു മാർഷൽ ദ്വീപുകളുടെ സമ്പദ്ഘടനയുടെ പ്രധാന ആധാരം. കൊച്ചു കൃഷിയിടങ്ങൾ മാത്രമേ ഇവിടെയുള്ളു. തേങ്ങ, തക്കാളി, മത്തങ്ങ, ശീമച്ചക്ക തുടങ്ങിയവയാണു പ്രധാന കൃഷികൾ. കൊപ്ര, കരകൗശലവസ്തുക്കൾ, മത്സ്യസംസ്കരണം എന്നിവ പ്രധാന വ്യവസായങ്ങളും.



*മാർഷൽ ഐലന്റ്സിലെ ഒരു ഗ്രാമീണ വനിത.*

ക്വാജലൈൻ അറ്റോളിൽ അമേരിക്കയുടെ റൊണാൾഡ് റെയ്ഗൺ ബാലിസ്റ്റിക് മിസൈൽ സെന്റർ പ്രവർത്തിക്കുന്നു. ഇവിടെ ഒട്ടേറെപ്പേർക്കു തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതിനു വാടകയായി അമേരിക്ക



*മത്സ്യസംസ്കരണശാല*

നല്കുന്ന പണം വലിയൊരു വരുമാന മാർഗമാണ്. ജൂറെലാംഗ് സെദ്കെയ്യയാണു നിലവിലെ പ്രസിഡണ്ട്. *

## മറുവശം

സാക്ഷി

# നികൃഷ്ട ജീവിയാകാം പുഴു പാടില്ല!




**ഹൈ**ക്കോടതിവിധിയിൽ സിപിഎം നേതാവു ജയരാജനെ പുഴു എന്നു വിളിച്ചു എന്നാരോപിച്ചു പാർട്ടി നേതാക്കൾ രോഷം കൊള്ളുന്നതു കാണുമ്പോൾ പലരും ഏറെ പഴയതല്ലാത്ത ഒരു സംഭവം ഓർക്കുന്നുണ്ടാവും. സിപിഎം സെക്രട്ടറി പിണറായി വിജയൻ താമരശ്ശേരി ബിഷപ്പ് ചിറ്റിലപ്പള്ളിയെ നികൃഷ്ടജീവി എന്നു വിളിച്ചാദരിച്ച സംഭവം!

ഹൈക്കോടതിക്കെതിരെ സമരംചെയ്തതു കോടതിയെ ശക്തിപ്പെടുത്താനാണത്രെ. എങ്കിൽ ബിഷപ്പിനെ ആക്ഷേപിച്ചത് അദ്ദേഹത്തെ പൂർവാധികം അഭിവന്ദ്യനാക്കാനായിരിക്കണം. അപ്പോൾ പിന്നെ സംശയിക്കാനില്ല, കോടതി ജയരാജനെ പുഴുവെന്നു വിളിച്ചത് അദ്ദേഹത്തെ കൂടുതൽ കരുത്തനാക്കാൻ തന്നെ!

എന്നിട്ടും മനസ്സിലാകാത്ത ഒരു കാര്യം, അതിന്റെ പേരിൽ ഇത്രയ്ക്കങ്ങു ബേജാറാകാനെന്തിരിക്കുന്നു എന്നാണ്. ജയരാജനു ജഡ്ജിയെ 'ശുംഭൻ' എന്നു വിളിക്കാമെങ്കിൽ, ജഡ്ജിക്കു ജയരാജനെ 'പുഴു' വെന്നു വിളിക്കാനും അവകാശമുണ്ട്.

ഒരാൾക്കു മറ്റൊരാളെ എന്തു പേരിലും വിളിക്കാം എന്നിരിക്കെ ഒരു പേരുവിളിയുടെ കാര്യത്തിൽ ഇത്രയധികം കോലാഹലം ഉണ്ടാക്കേണ്ട കാര്യമുണ്ടോ? എല്ലാവരും സ്വന്തം അവകാശത്തിന്റെ പേരിലാണു രോഷം കൊള്ളുന്നത്. അന്യരുടെ അവകാശത്തെച്ചൊല്ലി ആർക്കും ഉത്കണ്ഠയില്ല.

സുകുമാർ അഴീക്കോടും പരേതനായ എസ്.കെ.നായർ എന്ന പണ്ഡിതനും തമ്മിൽ നടന്ന ഒരു പേരുവിളിവഴക്കു ചരിത്രത്തിന്റെ ഭാഗമാണ്. രണ്ടുപേരും സാംസ്കാരിക നായകരായതുകൊണ്ടു സംസ്കാരശൂന്യത അതിലെങ്ങും തൊട്ടുതേച്ചിട്ടുപോലും ഉണ്ടായിരുന്നില്ല എന്നതും ചരിത്രസത്യം.

സംഭവം ഇങ്ങനെ: നായർ ഒരിക്കൽ സുകുമാറിനെ സുകുമാരൻ എന്നു പരാമർശിച്ചു. സുകുമാർ എന്നതു ചില്ലക്ഷരത്തിലവസാനിക്കുന്ന പേരാണെന്നിരിക്കെ നായർ ഒരു ചില്ലുകൂടി കൂട്ടിച്ചേർത്തതു സുകുമാർ അഴീക്കോടിനു തീരെ പിടിച്ചില്ല. നായർക്കു തന്റെ പേരിനോട് ഒരു ചില്ലുകൂടി ചേർക്കാൻ അവകാശമുണ്ടെങ്കിൽ നായരുടെ പേരിൽ നിന്ന് ഒരു ചില്ലെടുത്തുകളയാൻ തനിക്കും അവകാശമുണ്ടെന്നായി അഴീക്കോട്! മലയാളസാഹിത്യത്തിലെ പഴയ പ്രാസവാദം പോലെ ഒരു ചില്ലക്ഷരവാദം. നായരെ നായെന്നദ്ദേഹം വിളിച്ചില്ലല്ലോ!

ഒരു പേരിലെന്തിരിക്കുന്നു എന്നു ചോദിച്ചതു വിശ്വനാടകകൃത്തും മഹാകവിയുമായ ഷേക്സ്പിയറാണ്. റോസാപ്പൂവിനെ എന്തുപേരുവിളിച്ചാലും അതു റോസാപ്പൂ അല്ലാതാകുമോ എന്നതായിരുന്നു അദ്ദേഹത്തിന്റെ യുക്തി.

തങ്ങൾക്കിഷ്ടമില്ലാത്ത നേതാക്കന്മാരുടെ കോലം കത്തിക്കുന്നതും അവരുടെ ചിത്രംവരച്ചു വച്ചു പട്ടിയുടെ ചെവിയും പൂച്ചയുടെ കണ്ണും ആനയുടെ തുമ്പിയും യഥാസ്ഥാനങ്ങളിൽ പിടിപ്പിച്ചു രസിക്കുന്നതും ഒരു സുകുമാര കലയായി മാറ്റിയിരിക്കുന്ന രാഷ്ട്രീയക്കാർ നമുക്കിവിടെ ധാരാളമുണ്ട്. അവരുടെ വരകളിൽ ഇനി പുഴുവിന്റെ വാലും കൂടി ചേർക്കാമെന്നായിരിക്കുന്നതും ചെറിയ കാര്യമല്ല! ഇങ്ങനെയല്ലേ കലകൾ വികസിക്കുന്നത്?

ഉന്നതകോടതി പുഴുവെന്നു വിളിച്ചതു ശരിയായില്ലെന്നു പരമോന്നത കോടതി പറഞ്ഞുകേട്ടപ്പോൾ സകല സിപിഎം സഖാക്കളും രോമാഞ്ചകഞ്ചുകമണിഞ്ഞു കഴിഞ്ഞു. ഇനി ശുംഭനെന്നു വിളിച്ചതു ശരിയോ ഇല്ലയോ എന്നു തീർപ്പു വന്നു കഴിയുമ്പോൾ നിന്നു ചൊറിയേണ്ടിവരുമോ അല്ല, രോമം പിന്നെയും ചീർക്കേണ്ടി വരുമോ എന്നൊക്കെ അറിയാനിരിക്കുന്നതേയുള്ളൂ. അറിയാത്ത പിള്ള ചൊറിയുമ്പം അറിയും എന്നു പഴമൊഴി. അറിയുന്ന പിള്ളയുടെ കാര്യത്തിൽ എന്താണാവോ ഉണ്ടാവുക?

നികൃഷ്ടജീവികൾ പുഴുക്കളാവുകയും പുഴുക്കൾ നികൃഷ്ടജീവികളാവുകയും ചെയ്യുന്ന മഹാ പരിണാമഘട്ടത്തിനുവേണ്ടി നമുക്കു കാത്തിരിക്കാം. *

## മുരിക്കൻ കേരളം കണ്ട ഏറ്റവും വലിയ കർഷകൻ

കെ.എം.മാണി



റാണി, ചിത്തിര, മാർത്താണ്ഡം പാടശേഖരങ്ങളിൽ കൃഷിയിറക്കി കുട്ടനാടിന്റെ കാർഷിക സംസ്കാരത്തെ പരിപോഷിപ്പിച്ച മുരിക്കൻ കേരളം കണ്ട ഏറ്റവും വലിയ കർഷകനാണെന്നു കേരളാ കോൺഗ്രസ് (എം) ചെയർമാൻ ധനമന്ത്രി കെ.എം.മാണി പറഞ്ഞു. ഇടതുപക്ഷം മുരിക്കനെ തള്ളിപ്പറയുന്നതു ചരിത്രത്തോടു കാട്ടുന്ന ചതിയാണ്. കേരളം ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ഭക്ഷ്യസുരക്ഷാ ഭീഷണിയാണ്. ഇതു പതിറ്റാണ്ടുകൾക്കു മുമ്പേ മനസ്സിലാക്കി പ്രവർത്തിച്ച വ്യക്തിയായിരുന്നു മുരിക്കൻ. അദ്ദേഹം ആരംഭിച്ച പാടശേഖരങ്ങളാണു കേരളീയർക്ക് ഇന്നു സ്വന്തമായുള്ള നെൽ കൃഷിയിടങ്ങൾ. കുട്ടനാട്ടിലെ ഈ പാടശേഖരങ്ങൾ ഇല്ലായിരുന്നെങ്കിൽ ഇന്നുള്ള ഭക്ഷ്യോത്പാദനം പോലും സംസ്ഥാനത്തിനു സ്വന്തം നിലയിൽ കൈവരിക്കാൻ കഴിയില്ലായിരുന്നെന്നും കെ.എംമാണി കൂട്ടിച്ചേർത്തു.



*നെൽകർഷക യൂണിയൻ സംസ്ഥാന പ്രസിഡണ്ട് ജോസ് കോയിപ്പള്ളി ധനമന്ത്രി കെ.എം.മാണിയെ പറ നല്കി സ്വീകരിക്കുന്നു.*

കേരളാ നെൽകർഷക യൂണിയൻ (എം) സംസ്ഥാന കമ്മിറ്റിയുടെ 'വയൽക്കൂട്ടം' കൺവെൻഷൻ കോട്ടയത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന പ്രസിഡണ്ട് ജോസ് കോയിപ്പള്ളി അധ്യക്ഷത വഹിച്ചു. സി.എഫ്.തോമസ് എംഎൽഎ, എസ്.ബേബി കരിക്കംപള്ളി, ഡോ.എൻ.കെ.ശശിധരൻ, വിക്ടർ ടി.തോമസ്, ജേക്കബ് തോമസ് അരികുപുറം, ബിജു ചെറുകാട്, ജിക്കു കുര്യാക്കോസ്, ജോസ് ചുങ്കപ്പുര, ജോണിച്ചൻ മണലിയിൽ, സാബു കൊച്ചുപുത്തൻപുര, കെ.ജെ.ജയിംസ്, ബേബിച്ചൻ മാലിയിൽ, ബാബു വടക്കേക്കളം, ജോസ് കുമ്പക്കാടൻ, ജോസി കുര്യൻ, ജേക്കബ് ഉമ്മൻ എന്നിവർ പ്രസംഗിച്ചു. *

## ബജറ്റ് സമസ്തമേഖലകൾക്കും ഉത്തേജനം നല്കിയെന്ന് അവലോകന യോഗം



യുഡിഎഫ് സർക്കാരിനുവേണ്ടി ധനകാര്യമന്ത്രി കെ.എം.മാണി അവതരിപ്പിച്ച 2011ലെ ബജറ്റ് സമസ്ത മേഖലകൾക്കും ഉത്തേജനം നല്കിയെന്നു കൂരാച്ചുണ്ടിൽ ചേർന്ന ബജറ്റ് അവലോകന യോഗം അഭിപ്രായപ്പെട്ടു.

കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനും വ്യവസായമേഖലയുടെ വളർച്ചയ്ക്കും സാമൂഹ്യ വികസനത്തിനും മുൻഗണന നല്കിയ ബജറ്റാണു കെ.എം.മാണി അവതരിപ്പിച്ചതെന്ന് അവലോകന യോഗം ഉദ്ഘാടനം ചെയ്തുകൊണ്ടു കേരളാ കോൺഗ്രസ് (എം) കോഴിക്കോട് ജില്ലാ പ്രസിഡണ്ട് ജോൺ പൂതക്കുഴി ചൂണ്ടിക്കാട്ടി. എം.ടി. ഗോപിനാഥ് മാസ്റ്റർ, കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഗസ്റ്റിൻ കാരക്കട, മുസ്ലീംലീഗ് പ്രസിഡണ്ട് ഒ.കെ.അമ്മത്, ജോസഫ് വെട്ടുകല്ലേൽ, അഡ്വ.ബെന്നി പുതിയാംപറമ്പിൽ, ജോയ് കുര്യൻ, എം.സി. ജോയി മാസ്റ്റർ, വിത്സൺ പാത്തിച്ചാലിൽ, അരുൺ ജോസ് എന്നിവർ സംസാരിച്ചു. *

## കർഷകത്തൊഴിലാളി കോൺഗ്രസ് (എം) ഉടുമ്പൻചോല കൺവെൻഷൻ



കേരളാ കർഷകത്തൊഴിലാളി കോൺഗ്രസ് (എം) ഉടുമ്പൻചോല നിയോജകമണ്ഡലം കൺവെൻഷനിൽ സംസ്ഥാന പ്രസിഡണ്ട് വർഗീസ് വെട്ടിയാങ്കൽ ക്ലാസെടുക്കുന്നു. ഇടുക്കി എംഎൽഎ റോഷി അഗസ്റ്റിൻ, കെ.ടി.യു.സി (എം) സംസ്ഥാന പ്രസിഡണ്ട് ബേബി പതിപ്പള്ളി, കർഷത്തൊഴിലാളി കോൺഗ്രസ് (എം) ജില്ലാ പ്രസിഡണ്ട് മാത്യു കൈച്ചിറ, കേരളാ കോൺഗ്രസ് (എം) ഉടുമ്പൻചോല നിയോജകമണ്ഡലം പ്രസിഡണ്ട് ജോസ് പാലത്തിനാൽ തുടങ്ങിയവർ വേദിയിൽ. *

# കേരളാ കോൺഗ്രസിനു വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ

## റോഷി അഗസ്റ്റിൻ എം.എൽ.എ



പതിറ്റാണ്ടുകളായി ജില്ലയിൽ താമസിച്ചുവരുന്ന കുടിയേറ്റ കർഷകർ നേരിടുന്ന വിവിധ തരത്തിലുള്ള ഭൂപ്രശ്നങ്ങൾക്കും കാർഷിക, തോട്ടം മേഖലകൾ നേരിടുന്ന ഗുരുതരമായ പ്രതിസന്ധികൾക്കും പരിഹാരം കാണുന്നതിനു കേരളാ കോൺഗ്രസ് (എം) വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ സ്വീകരിക്കുമെന്നു പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി റോഷി അഗസ്റ്റിൻ എംഎൽഎ പറഞ്ഞു.

കേരളാ കോൺഗ്രസ് (എം) ഇടുക്കി നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന കർഷക കൺവെൻഷനും, കെ.എം.മാണി അവതരിപ്പിച്ച 12-ാം പഞ്ചവത്സര പദ്ധതി സമീപന രേഖ സംബന്ധിച്ച സെമിനാറും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇടുക്കിയിൽ 1-1-1977 നു മുൻപു താമസിച്ചിരുന്ന മുഴുവൻ ജനങ്ങൾക്കും പട്ടയം നല്കണം. പശ്ചിമഘട്ട അതോറിറ്റിയുടെ പരിധിയിൽ നിന്നു ജനവാസ കേന്ദ്രങ്ങളും കൃഷിഭൂമികളും ഒഴിവാക്കണം. ഇടുക്കി പാക്കേജ് യാഥാർത്ഥ്യമാക്കണം-റോഷി അഗസ്റ്റിൻ ആവശ്യപ്പെട്ടു.

വാഴത്തോപ്പ് ജില്ലാ ബാങ്ക് ഹാളിൽ നടന്ന കൺവെൻഷനിൽ നിയോജകമണ്ഡലം പ്രസിഡണ്ട് വർഗീസ് വെട്ടിയാങ്കൽ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡണ്ട് ജോണി പൂമറ്റം, കർഷക യൂണിയൻ (എം) സംസ്ഥാന പ്രസിഡണ്ട് മാത്യു സ്റ്റീഫൻ എക്സ് എംഎൽഎ, എ.ഒ. അഗസ്റ്റിൻ, കെ.എൻ.മുരളി, തോമസ് പെരുമന, ഒ.ജെ.മാത്യു, എം.സി.തോമസ്, രാജു തോമസ്, ടി.പി.മൽക്ക, ജോസ് ഞായർകുളം, മനോജ് എം. തോമസ്, മാത്യു മത്തായി, ടോമി കുന്നേൽ, ഷൈനി സജി, സെലിൻ മാത്യു, സലോമി ഉലഹന്നാൻ, മേരി ആന്റണി, ഗ്രേസമ്മ ദേവസ്യാ, സി.വി.സ്കറിയ, ജോസഫ് കുളങ്ങര, പാപ്പച്ചൻ മൂലേപ്പറമ്പിൽ, ജോസഫ് മേപ്പുറം, പി.കെ.കൊച്ചുമുഹമ്മദ്, എ. അലിയാരുകുട്ടി, പി.കെ.ജയൻപിള്ള, ബിനു ചാക്കോ, എ.ഡി.മാത്യു, സണ്ണി തെങ്ങുംപള്ളി, ജേക്കബ് കാരക്കാട്ട്, ജോർജ് അമ്പഴം എന്നിവർ പ്രസംഗിച്ചു. *

# മന്ത്രി ഗണേഷ്കുമാറിനെ ആക്രമിക്കുന്നതു ചെറുക്കും

## മന്നം യുവജനവേദി

ആരെയും ആക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്യുന്ന പ്രതിപക്ഷത്തിന്റെയും വി.എസ്.അച്യുതാനന്ദന്റെയും നടപടികൾ നിലനില്ക്കെ മന്ത്രി കെ.ബി. ഗണേഷ്കുമാറിനെ തെരഞ്ഞുപിടിച്ച് ആക്രമിക്കാനുള്ള നീക്കം ചെറുക്കുമെന്നു മന്നം യുവജനവേദി സംസ്ഥാന പ്രസിഡണ്ട് കെ.വി.ഹരിദാസും ജനറൽ സെക്രട്ടറി അമയന്നൂർ ഹരിയും പറഞ്ഞു. പൊതുവേദികളിൽ പോലും സാമാന്യമര്യാദ ലംഘിക്കുന്ന സിപിഎം നേതാക്കൾക്കു കെ.ബി.ഗണേഷ്കുമാറിനെ വിമർശിക്കാൻ എന്താണ് അവകാശം? സിപിഎമ്മിന്റെ ഫാസിസ്റ്റ് നടപടിക്കെതിരെ സമാനചിന്താഗതിക്കാരെ സംഘടിപ്പിച്ചു ജില്ലാ കേന്ദ്രങ്ങളിൽ സാംസ്കാരിക കൂട്ടായ്മ സംഘടിപ്പിക്കുമെന്നും കെ.വി. ഹരിദാസ് അറിയിച്ചു. *

## രാത്രിയാത്രാ നിരോധനം

# കേന്ദ്രസർക്കാർ അടിയന്തിരമായി ഇടപെടണം

കെ.ജെ.ദേവസ്യ



*രാത്രിയാത്രാ നിരോധനം ഒഴിവാക്കണമെന്നാവശ്യപ്പെട്ടു കേരളാ കോൺഗ്രസ് (എം) വയനാട് ജില്ലാക്കമ്മിറ്റിയുടെ നേതൃത്വത്തിൽ ബത്തേരയിൽ സംഘടിപ്പിച്ച ദേശീയപാതാ നിരോധനസമരം പ്രസിഡണ്ട് കെ.ജെ. ദേവസ്യ ഉദ്ഘാടനം ചെയ്യുന്നു.*

രാത്രിയാത്രാ നിരോധനം ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാർ മുൻകൈയെടുക്കണമെന്നു കേരളാ കോൺഗ്രസ് (എം) വയനാട് ജില്ലാ പ്രസിഡണ്ട് കെ.ജെ.ദേവസ്യ ആവശ്യപ്പെട്ടു. കർണാടകയിലെ ഒരു ജില്ലാ കളക്ടർ തുടങ്ങിവെച്ച നിരോധനം വലിയൊരു ജനസമൂഹത്തിന്റെ സഞ്ചാര സ്വാതന്ത്ര്യത്തെയും, ഒരു വലിയ പ്രദേശത്തിന്റെ വികസനത്തെയും പ്രതികൂലമായി ബാധിച്ചിരിക്കുമ്പോൾ ഭരണകൂടങ്ങൾ കയ്യും കെട്ടി നോക്കിയിരിക്കുന്നതു ശരിയല്ല. നിയമസംരക്ഷണച്ചുമതലയുള്ള കോടതികളിൽ നിന്നും പൗരന്റെ അവകാശങ്ങളെയും പ്രദേശങ്ങളുടെ വികസനത്തെയും ഇല്ലാതാക്കുന്ന വിധികളുണ്ടാകുന്നതു ദുഃഖകരമാണ്. എക്സിക്യൂട്ടീവിന്റെ മേൽ ജുഡീഷ്യറി കടന്നുകയറ്റം നടത്തുന്നത് അനുവദിക്കരുത്. രാത്രിയാത്രാ നിരോധനം നീക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു കേരളാ കോൺഗ്രസ് (എം) ജില്ലാക്കമ്മിറ്റി ബത്തേരിയിൽ ദേശീയപാത ഉപരോധിച്ചുകൊണ്ടു സംഘടിപ്പിച്ച സമരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വി.ജോൺ ജോർജ് അധ്യക്ഷത വഹിച്ചു. കെ.എ.ആന്റണി, ടി.എസ്.ജോർജ്, കെ.പി. ജോസഫ്, എ.ഇ.കുര്യൻ, സണ്ണി മാത്യു, ടി.എൽ.സാബു, ജോസഫ് മാണിശ്ശേരി, ജോസഫ് കളപ്പുര, കെ.വി.സണ്ണി, സെബാസ്റ്റ്യൻ ചാമക്കാല, ജോസഫ് പൂതക്കുഴി, അഷ്റഫ് പൂക്കയിൽ, വി.പി.അബ്ദുൾ ഗഫൂർ ഹാജി, റെജി ഓലിക്കരോട്ട്, സി.വി.ജെയിംസ്, ഐ.സി.ചാക്കോ, പി. കെ.മാധവൻ നായർ, സി.എ.ചെറിയാൻ, ബേബി പുളിമൂട്ടിൽ, എൻ.യു.വിൽസൺ, ടി.ഡി.മാത്യു, ഇ.വി.ജോർജ്, എ.പി.ജോർജ്, കെ.കെ.ബേബി, ജോർജ് കീപ്പനശ്ശേരി എന്നിവർ പ്രസംഗിച്ചു.

*

## ഈപ്പൻ വർഗീസിന്റെ നിര്യാണം പ്രവാസി കേരളാ കോൺഗ്രസ് അനുശോചിച്ചു

കേരളാ കോൺഗ്രസ് സ്ഥാപകനേതാക്കളിൽ ഒരാളായ ഈപ്പൻ വർഗീസിന്റെ നിര്യാണത്തിൽ പ്രവാസി കേരളാ കോൺഗ്രസ് ചിക്കാഗോ യൂണിറ്റ് അനുശോചനം രേഖപ്പെടുത്തി.

റാന്നി, പള്ളുരുത്തി മണ്ഡലങ്ങളെ നിയമസഭയിൽ പ്രതിനിധീകരിച്ചിട്ടുള്ള മുതിർന്ന നേതാവ് ഈപ്പൻ വർഗീസിന്റെ നിര്യാണം കേരളാ കോൺഗ്രസ് പാർട്ടിക്കു കനത്ത നഷ്ടമാണെന്ന് ഇംപീരിയൽ ട്രാവൽസ് ഓഡിറ്റോറിയത്തിൽ കൂടിയ പ്രവാസി കേരളാ കോൺഗ്രസ് യോഗം വിലയിരുത്തി.



പ്രസിഡണ്ട് ജയ്ബു കുളങ്ങര അധ്യക്ഷത വഹിച്ചു. സണ്ണി വള്ളിക്കളം, സജി പൂതൃക്കയിൽ, മാത്തുക്കുട്ടി ആലുപറമ്പിൽ, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, ഷിബു അഗസ്റ്റിൻ, ജോയ് മുല്ലപ്പള്ളി, ജോർജ് തോട്ടപ്പുറം, ബിജി സി.മാണി, സ്റ്റീഫൻ കിഴക്കേക്കുറ്റ്, മാത്യു തട്ടാമറ്റം, അലക്സ് പായിക്കാട്, സിബി പാറേക്കാട്ട്, ഷിബു മുളയാനിക്കുന്നേൽ, ജോസ് സൈമൺ എന്നിവർ പ്രസംഗിച്ചു.

*

# മാപ്പപേക്ഷ ഒഴിവാക്കാൻ വി.ഐ.പി.കോഡ് അനിവാര്യം



ക്ഷമാപണം ആവർത്തിക്കപ്പെടുമ്പോൾ അതു പറയേണ്ടി വരുന്നവർക്കുണ്ടാകുന്നതിനെക്കാൾ കൂടുതലാണ് അതു സ്വീകരിക്കേണ്ടി വരുന്നവർക്കുള്ള ബുദ്ധിമുട്ട്. ബഹിരാകാശ ശാസ്ത്രജ്ഞനും മുൻ ഇന്ത്യൻ രാഷ്ട്രപതിയുമായ ഡോ.എ.പി.ജെ. അബ്ദുൾ കലാമിന് അപമാനം ഉണ്ടാകും വിധം ന്യൂയോർക്കിലെ ജോൺ എഫ്. കെന്നഡി വിമാനത്താവളത്തിലെ സുരക്ഷാ ഉദ്യോഗസ്ഥർ പെരുമാറിയതാണ് അമേരിക്കയുടെ ക്ഷമാപണത്തിനു കാരണമായത്. സംഭവം സെപ്റ്റംബർ 29ന് ഇന്ത്യയിലേക്കുള്ള മടക്കയാത്രയ്ക്കായി വിമാനത്താവളത്തിലെത്തിയപ്പോഴായിരുന്നു. അതും പരിശോധനകൾക്കുശേഷം വിമാനത്തിലെ സീറ്റിൽ ഇരുന്നതിനു പിന്നാലെ. അദ്ദേഹത്തിന്റെ ജാക്കറ്റും ഷൂസും സുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനയ്ക്കായി ഊരിവാങ്ങിക്കൊണ്ടു പോയത്രെ!

തീർച്ചയായും ഈ സംഭവം ഇന്ത്യയ്ക്കാകമാനവും, അബ്ദുൾ കലാമിനു വ്യക്തിപരമായും ഏറെ അപമാനകരം തന്നെയാണ്. അതിനെക്കാളുപരി ദുഃഖകരവും. 'ആളിന്റെ വലുപ്പമറിഞ്ഞു വേണം പെരുമാറാൻ' എന്നതു ലോകമെങ്ങും സ്വീകാര്യമായ ഒരു പെരുമാറ്റ സംഹിതയാണ്. എന്നാൽ, സുരക്ഷാ ഉദ്യോഗസ്ഥന്മാർക്ക്, പ്രത്യേകിച്ച് ആഗോള തീവ്രവാദത്തിന്റെ ഏറ്റവും നികൃഷ്ടമായ താണ്ഡവത്തിനു വേദിയായ അമേരിക്കയിൽ, ഒരു നേരിയ സുരക്ഷാ പാളിച്ചപോലും ഒഴിവാക്കേണ്ടതുണ്ട്.

സെപ്റ്റംബർ 11 ഭീകരാക്രമണം ലോക പോലീസെന്ന വിളിപ്പേരുള്ള അമേരിക്കൻ സുരക്ഷാ വിഭാഗത്തിന്റെ ഭാഗത്തുനിന്നുണ്ടായ ഏറ്റവും വലിയ പിഴവിന്റെ സൃഷ്ടിയായിരുന്നുവെന്ന് അവർ പോലും സമ്മതിച്ചിട്ടുള്ള കാര്യമാണ്. അത്തരത്തിൽ തീവ്രവാദത്തിന് ഇരയായ ഒരു രാജ്യത്തെ, സുരക്ഷാ ഉദ്യോഗസ്ഥരുടെ ആശങ്കയെയും അതു സൃഷ്ടിക്കുന്ന നിതാന്ത ജാഗ്രതയെയും കണക്കിലെടുത്തു കൊണ്ടുതന്നെ പറയട്ടെ, അതൊക്കെയും സുമനസ്സുകളെ വേദനിപ്പിക്കുന്ന സാഹചര്യം സൃഷ്ടിച്ചു കൂടാ. ഉദ്യോഗസ്ഥന്മാരെ കുറ്റപ്പെടുത്തിയിട്ട് ഒരു പരിധിവരെ കാര്യമില്ല. കാരണം, അവർ പ്രവർത്തിക്കുന്നത് അവർക്കു ലഭ്യമായിട്ടുള്ള പൊതുവായ മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ്.

അബ്ദുൾ കലാമിന് ഉണ്ടായതുപോലുള്ള ദുരനുഭവം ഒഴിവാക്കുവാൻ രാജ്യങ്ങൾ തമ്മിൽ പരസ്പര ധാരണയോടെ വിമാനത്താവളങ്ങളിലെ സുരക്ഷാ പരിശോധനയുമായി ബന്ധപ്പെട്ട് ഒരു 'വി.ഐ.പി കോഡി'നു രൂപം നല്കേണ്ടതുണ്ട്. രാഷ്ട്രങ്ങൾക്കും വ്യക്തികൾക്കും ഒരുപോലെ അത് അനുപേക്ഷണീയമാണ്.

***

# പറയേണ്ടതുപോലെ പറഞ്ഞപ്പോൾ പിണറായിയും പത്തിമടക്കി



എം.വി.ജയരാജനെ ജയിലിലടച്ചതിലും പാതയോരത്തെ പൊതുയോഗങ്ങൾ നിരോധിച്ചതിലും പ്രതിഷേധിച്ചു സിപിഎം സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനപ്രകാരം ഹൈക്കോടതിക്കു മുന്നിൽ നടത്തിയ കുത്തിയിരിപ്പു സമരത്തിൽ പിണറായി വിജയനും വി.എസ്.അച്യുതാനന്ദനും പങ്കെടുക്കാതിരുന്നതു പ്രവർത്തകരെ അമ്പരിപ്പിച്ചു എന്നതിൽ സംശയമേയില്ല. ഹൈക്കോടതിയുടെ കർശനമായ താക്കീതിനെത്തുടർന്നു തങ്ങളുടെ തനതു സമരരീതി സിപിഎം ഉപേക്ഷിക്കുന്നതാണു ഹൈക്കോടതിക്കു മുന്നിൽ നവംബർ 14 തിങ്കളാഴ്ച കാണാനായത്. പ്രവർത്തനം തടസ്സപ്പെടുത്തിയാലോ, അനിഷ്ട സംഭവങ്ങൾ ഉണ്ടായാലോ അതിന്റെ പൂർണ ഉത്തരവാദിത്വം സിപിഎം സംസ്ഥാന സെക്രട്ടറി എന്ന നിലയിൽ പിണറായി വിജയനായിരിക്കുമെന്നു ഹൈക്കോടതി മുന്നറിയിപ്പു നല്കിയിരുന്നു. കോടതിവിധികൾ പ്രതികൂലമാകുമ്പോൾ ഓരോ പ്രസ്ഥാനവും ഈ വിധം റാലികളും സമരവും കോടതിക്കുമുന്നിൽ സംഘടിപ്പിച്ചു തുടങ്ങിയാൽ നീതിനിർവഹണം തടസ്സപ്പെടും. സംഘടിത ശക്തിയെ മുൻനിർത്തി നീതിപീഠത്തെ ഭയപ്പെടുത്താൻ തുനിയുന്നതിനെ ജനാധിപത്യവിശ്വാസികൾ തള്ളിപ്പറയുക തന്നെ വേണം. അല്ലെങ്കിൽ ജനാധിപത്യം നിലംപരിശാകും.രാജ്യത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് അവകാശാധികാരങ്ങൾ ഉള്ളതുപോലെ തന്നെ, അവയ്ക്കു പ്രവർത്തനാനുമതി ലഭിക്കുന്നതു ഭരണഘടന നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായിട്ടാണെന്നു കൂടി രാഷ്ട്രീയ നേതൃത്വങ്ങൾ ഓർമിക്കുന്നതു നന്ന്.

***

# ടേം കുറയ്ക്കൽ സിപിഎമ്മിനെ രക്ഷിക്കുമോ?



ഇന്ത്യയിലെ കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങൾ, പ്രത്യേകിച്ചും സിപിഎം ശുഭകരമായ ഒരു കാലഘട്ടത്തിലൂടെയല്ല കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. രാഷ്ട്രീയമായും സൈദ്ധാന്തികപരമായും ഏറെ ക്ഷീണം അവരെ ബാധിച്ചിരിക്കുന്നു. ശക്തമായ ഒരു നേതൃനിരയുടെ അഭാവം ആ പ്രസ്ഥാനത്തെ കഴിഞ്ഞ ഒരു ദശകത്തോളമായി ചൂഴ്ന്നു നില്ക്കുന്നു. പി. കൃഷ്ണപിള്ള, എ.കെ.ജി, ഇ.എം.എസ്, ജ്യോതിബസു തുടങ്ങിയ, അക്ഷരാർത്ഥത്തിൽ തന്നെ കാരിരുമ്പിന്റെ കരുത്തു വാക്കിലും പ്രവൃത്തിയിലും ഉണ്ടായിരുന്ന, ഇന്ത്യൻ കമ്മ്യൂണിസത്തിന്റെ ആൾരൂപങ്ങളായി മാറിയ അവരുടെ നിരയിലേക്കോ അതിന്റെ ഏഴയലത്തു പോലുമോ കടന്നു ചെല്ലാൻ കഴിയാത്തവരുടെ കൈകളിലേക്കു പ്രസ്ഥാനത്തിന് ഒതുങ്ങേണ്ടി വന്നതാണു സിപിഎമ്മിനുണ്ടായിരിക്കുന്ന അപചയത്തിനു കാരണം.

'മാറ്റുവിൻ ചട്ടങ്ങളെ' എന്നാണല്ലോ വിഖ്യാതമായ കമ്മ്യൂണിസ്റ്റു മുദ്രാവാക്യം. സിപിഎമ്മിൽ അനാരോഗ്യകരമായ ചില 'ചട്ടങ്ങൾ' രൂഢമൂലമായിരിക്കുന്നു. തെറ്റുതിരുത്തൽ രേഖയും മറ്റുമൊക്കെ അതിന്റെ തെളിവുകളാണ്. അധികാര കേന്ദ്രങ്ങളിലെത്തുന്നവർ അവിടെ സ്ഥിര പ്രതിഷ്ഠരാവുകയും സ്വകാര്യതാത്പര്യങ്ങളെ താലോലിക്കുന്ന അവരിലേക്കു പ്രസ്ഥാനം കേന്ദ്രീകരിക്കപ്പെടുകയും ചെയ്യുമ്പോൾ ഘോരഘോരം ഉയർത്തുന്ന മുദ്രാവാക്യങ്ങൾ വെറും കോലാഹലങ്ങൾ മാത്രമാകുന്നു. ഈ ഒരു സാഹചര്യമാണു ലോക്കൽ കമ്മിറ്റി സെക്രട്ടറി മുതൽ ദേശീയ ജനറൽ സെക്രട്ടറി വരെയുള്ളവർ മൂന്നുവർഷം വീതമുള്ള മൂന്നു ടേമിൽ കൂടുതൽ ആ പദവിയിൽ തുടരേണ്ടതില്ല എന്ന നിർദ്ദേശം ശക്തമായി ഉയരാൻ ഇടയാക്കിയത്. അതിപ്പോൾ സിപിഎം കേന്ദ്ര കമ്മിറ്റി അംഗീകരിച്ചു കഴിഞ്ഞു. ഇനി ഏപ്രിലിൽ ചേരാനിരിക്കുന്ന പാർട്ടി കോൺഗ്രസ് കൂടി അംഗീകരിക്കണമത്രെ, അതു പ്രാബല്യത്തിലാവാൻ. 13 വർഷമായി സിപിഎം കേരളഘടകം സെക്രട്ടറിയായി തുടരുന്ന വ്യക്തിയെന്ന നിലയിൽ പിണറായി വിജയന്റെ പ്രതികരണത്തിനായി ജനങ്ങളും മാധ്യമങ്ങളും സ്വാഭാവികമായും ജിജ്ഞാസയോടെ കാതോർത്തു. ''പാർട്ടി ആണു പദവി ഏല്പിച്ചത്. അതിനാൽ പാർട്ടിക്ക് അതു തിരിച്ചെടുക്കാനുള്ള അധികാരമുണ്ട്'' എന്നായിരുന്നു പിണറായിയുടെ പ്രതികരണം.

എന്നാൽ, കാര്യങ്ങൾ അത്ര ലാഘവത്തോടെ നടക്കുകയില്ലെന്നു വ്യക്തം. കേന്ദ്രകമ്മിറ്റിയുടെ തീരുമാനത്തെ സംബന്ധിച്ചു ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് വിശദീകരണം നല്കുന്നതിനു മുമ്പേ തിടുക്കപ്പെട്ടു ഡൽഹിയിൽ പത്രക്കാർക്കു മുന്നിലെത്തിയ വി.എസ്, സെക്രട്ടറിമാർ മൂന്നു ടേമിൽ കൂടുതൽ തുടരേണ്ടതില്ല എന്ന കേന്ദ്രകമ്മിറ്റി തീരുമാനത്തെ സന്തോഷത്തോടെ ഉയർത്തിപ്പിടിച്ചു സംസാരിച്ചതു ചില സന്ദേശങ്ങൾ നല്കുന്നുണ്ട്. സെക്രട്ടറി പദത്തിൽ നിന്നും മാറേണ്ടുന്ന സാഹചര്യം മുന്നിൽകണ്ടു പിണറായിയും കരുക്കൾ നീക്കാതിരിക്കില്ല.

13 വർഷമായി എ.കെ.ജി സെന്ററിൽ കേന്ദ്രീകരിച്ചു പാർട്ടിയുടെ കടിഞ്ഞാൺ കൈപ്പിടിയിലൊതുക്കിയിരുന്ന പിണറായിക്ക് ആ നിയന്ത്രണം ഭാഗികമായെങ്കിലും നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായാൽ അച്യുതാനന്ദൻ-പിണറായി എന്നീ രണ്ടു ചേരികൾക്കു പകരം സിപിഎമ്മിൽ കൂടുതൽ ചേരികൾ രൂപപ്പെടുവാനും സാധ്യതയുണ്ട്. ആലപ്പുഴയിൽ തോമസ് ഐസക്, ജി.സുധാകരൻ എന്നിവരുടെ ചേരിതിരിഞ്ഞുള്ള പോരാട്ടം ആ സാധ്യതയിലേക്കാണു വിരൽ ചൂണ്ടുന്നത്. കണ്ണൂർഘടകത്തിലും പ്രത്യക്ഷമായ വിള്ളലുകൾ രൂപപ്പെട്ടേക്കാം.

***

13 വർഷമായി എ.കെ.ജി സെന്ററിൽ കേന്ദ്രീകരിച്ചു പാർട്ടിയുടെ കടിഞ്ഞാൺ കൈപ്പിടിയിലൊതുക്കിയിരുന്ന പിണറായിക്ക് ആ നിയന്ത്രണം ഭാഗികമായെങ്കിലും നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായാൽ അച്യുതാനന്ദൻ-പിണറായി എന്നീ രണ്ടു ചേരികൾക്കു പകരം സിപിഎമ്മിൽ കൂടുതൽ ചേരികൾ രൂപപ്പെടുവാനും സാധ്യതയുണ്ട്.

# ആഹാരക്രമത്തിലൂടെ ആരോഗ്യം

ടി.കെ.മാറിയിടം

**ആമാശയത്തിന് അമിതജോലി നല്കിയാൽ ദഹനം പൂർണമാകുകയില്ല. കഴിച്ച ആഹാരം ശരിക്ക് ഉപയോഗിക്കപ്പെടാതെ പുറത്തുപോകുന്നു. ഈ അവസ്ഥയാണ് അജീർണം. ഇങ്ങനെ സംഭവിക്കാതിരിക്കാൻ, ആമാശയത്തിന്റെ പകുതി ഭാഗത്തേ ആഹാരം നിറയ്ക്കാവൂ. കാൽ ഭാഗം വെള്ളവും. ബാക്കിഭാഗം ഒഴിച്ചിടുക. ദഹനം ശരിക്കും നടക്കും. ഊർജോത്പാദനം പൂർണമാകും. ആരോഗ്യവും ഒപ്പം ശരീരവളർച്ചയും സാധിക്കും.**



അടുപ്പില്ലാത്ത അടുക്കളയും അടുക്കളയില്ലാത്ത വീടും നഗരത്തിൽ സാധാരണം. ഗ്രാമീണർക്കാകട്ടെ ഇവ രണ്ടുമില്ലാതെ ഒരു ദിനചര്യയില്ല. അടുപ്പും ആമാശയവും തമ്മിലുള്ള ബന്ധമോ? അടുപ്പത്തു വേകുന്നവ ആമാശയത്തിലെത്തുന്നു. അതിനപ്പുറം രണ്ടിന്റെയും ധർമത്തിൽ സമാനതയുണ്ട്.

അടുപ്പിൽ വിറക് കത്തുമ്പോൾ താപോർജമുണ്ടാകുന്നു. ഈ ഊർജം കൊണ്ട് അടുപ്പത്തുള്ള വസ്തുക്കൾ ചൂടാകുന്നു, തിളയ്ക്കുന്നു, വെന്തു പാകമാകുന്നു. ഇവിടെ നടക്കുന്നതു ജ്വലനമാണ്. നമ്മുടെ ആമാശയത്തിലോ?

ജീവികളുടെ ദഹനവ്യൂഹത്തിലെ പ്രധാന ഭാഗമാണ് ആമാശയം. ആഹാരത്തിന്റെ ദഹനം വായിൽ ആരംഭിക്കുന്നു. തുടർന്ന് അന്നനാളം, ആമാശയം വഴി ചെറുകുടലിലെത്തുമ്പോൾ ഈ പ്രക്രിയ പൂർത്തിയാകുന്നു. ആമാശ സഞ്ചിയുടെ സങ്കോച വികാസത്തിൽ മർദിക്കപ്പെട്ട് ആഹാരം ചെറുകണികകളാകുന്നു. ദഹനരസങ്ങളിലെ രാസാഗ്നികൾ ഇവയിൽ പ്രവർത്തിച്ചു ദഹനം നടക്കുന്നു. അടുപ്പിലെ ജ്വലനം പോലെ ആമാശയത്തിലെ ദഹനം ഭാഗികമാണ്. ബാക്കി ചെറുകുടലിലാണ്. ഒടുവിൽ അവശിഷ്ട വസ്തുക്കൾ വൻകുടൽ, മലാശയം വഴി പുറത്തുപോകുന്നു.

ദഹിച്ച ആഹാരത്തിലെ പോഷകങ്ങൾ (മാംസ്യം, കൊഴുപ്പ്, ധാന്യകം, ലവണം) ആമാശയത്തിന്റെയും ചെറുകുടലിന്റെയും ഭിത്തികളിലൂടെ രക്തത്തിലും തുടർന്നു ശരീരകോശങ്ങളിലും എത്തുന്നു. അവിടെ ശ്വസനപ്രക്രിയയിൽ കുറെ പോഷകങ്ങൾ വിഘടിച്ച് ഊർജം മോചിക്കപ്പെടുന്നു. ബാക്കി വിഘടിക്കാതെ കോശങ്ങളുടെ നിർമാണത്തിനും അങ്ങനെ ശരീരവളർച്ചയ്ക്കും ഉപകരിക്കുന്നു. ഇവിടെ ദഹനം, ആഗിരണം, സംവഹനം, സംഭരണം, വിഘടനം എന്നിവയിലൂടെ ഊർജോത്പാദനം സംഭവിക്കുന്നതു നാം കണ്ടു. അടുപ്പിലെ ജ്വലനം പോലെ എളുപ്പമല്ലെന്നു മാത്രം.

### അമിത ആഹാരം ആപത്ത്

അടുപ്പിൽ കൊള്ളുന്നതിൽ അധികം വിറകു തിക്കിനിറച്ചാലോ? തുടർന്നു തീ പിടിപ്പിക്കുമ്പോൾ ശരിക്കു കത്താതെ പുകഞ്ഞുകൊണ്ടിരിക്കുന്നു. വിറകുകഷണങ്ങൾക്കിടയിൽ വായുസഞ്ചാരം കുറഞ്ഞതിനാൽ ജ്വലനം പൂർണമാകുന്നില്ല. തീക്കനലുകൾ കുറയുന്നതിനാൽ താപപ്രസരണം മന്ദഗതിയിലാകുന്നു. അടുപ്പിനു മുകളിലെ വസ്തുക്കൾ പാകമാകാൻ വൈകുന്നു. അമിതാഹാരം കൊണ്ടു നമ്മുടെ ഉദരത്തിൽ സംഭവിക്കുന്നതും ഇതുതന്നെ.

ആമാശയത്തിന് അമിതജോലി നല്കിയാൽ ദഹനം പൂർണമാകുകയില്ല. കഴിച്ച ആഹാരം ശരിക്ക് ഉപയോഗിക്കപ്പെടാതെ പുറത്തുപോകുന്നു. ഈ അവസ്ഥയാണ് അജീർണം. ഇങ്ങനെ സംഭവിക്കാതിരിക്കാൻ, ആമാശയത്തിന്റെ പകുതി ഭാഗത്തേ ആഹാരം നിറയ്ക്കാവൂ. കാൽ ഭാഗം വെള്ളവും. ബാക്കിഭാഗം ഒഴിച്ചിടുക. ദഹനം ശരിക്കും നടക്കും. ഊർജോത്പാദനം പൂർണമാകും. ആരോഗ്യവും ഒപ്പം ശരീരവളർച്ചയും സാധിക്കും.

### അല്പാഹാരവും നന്നല്ല

അമിതാഹാരം പോലെ ദോഷകാരിയാണ് അല്പാഹാരവും. അടുപ്പിൽ

വിറകു തീരെ കുറഞ്ഞാൽ ജ്വലനം കുറയും. ഊർജം പ്രസരിക്കില്ല. താപം ലഭിക്കാതെ അടുപ്പത്തെ പദാർത്ഥങ്ങൾ പാഴായിപ്പോകും. ഇതേ അനുഭവം തന്നെ നമ്മുടെ ശരീരത്തിലും. ദഹനേന്ദ്രിയത്തിൽ നിന്നു പോഷകങ്ങൾ ശരീര കോശങ്ങളിൽ യഥാസമയം എത്തണം. ഇല്ലെങ്കിൽ ഊർജം ലഭിക്കാതെ ജീവത്പ്രവർത്തനങ്ങൾ മന്ദഗതിയിലാകും. ഇതു പരിഹരിക്കാൻ കോശങ്ങളിലെ സംഭൃതാഹാരം വിഘടിപ്പിച്ച് ഊർജം ഉത്പാദിപ്പിക്കും. ഈ സ്ഥിതി തുടർന്നാൽ ക്രമേണ ശരീരം ക്ഷീണിക്കും. പ്രതിരോധ ശേഷി കുറയും. ദിനചര്യകൾ തടസപ്പെടും. കാലക്രമത്തിൽ ആ വ്യക്തി രോഗിയായി മാറും.

ബാല്യകൗമാരങ്ങൾ വളർച്ചയുടെ ഘട്ടമാണ്. വളർച്ചയെന്നാൽ ശരീര കോശങ്ങളുടെ നിർമാണമാണ്. ഇതിനു പ്രോട്ടീനും കൊഴുപ്പും മറ്റും കൂടുതൽ വേണം. മറ്റു പോഷകങ്ങൾ സാധാരണ അളവിലും. ഇതു കുട്ടികളുടെ കാര്യം. പ്രായപൂർത്തിയായവർക്ക് ഊർജദായകമായ ധാന്യകമാണു കൂടുതൽ വേണ്ടത്. മറ്റുള്ളവ കുറഞ്ഞ അളവിൽ മതി. മുതിർന്നയാളുകൾ അമിതമായ അളവിൽ പ്രോട്ടീനും കൊഴുപ്പും കഴിച്ചാൽ പൊണ്ണത്തടിയുണ്ടാകും. കൊളസ്ട്രോൾ വർധിക്കും. അതു മറ്റനേകം രോഗങ്ങളിലേക്കു നയിക്കും. അതിരക്തസമ്മർദം, പ്രമേഹം, ഹൃദയാഘാതം, പക്ഷാഘാതം തുടങ്ങിയവ.




മനുഷ്യ ആമാശയത്തിന്റെ ഘടന



കൂട്ടുകാരേ, പോഷകസമൃദ്ധമായ ഒരിനം ആഹാരം നാം കഴിച്ചാൽ ഏഴു ദിവസത്തിനു ശേഷമേ അതിന്റെയാവശ്യം ഉണ്ടാകുന്നുള്ളൂ. ഉദാ: ഒരു പ്ലേറ്റ് ഇറച്ചി, പൊരിച്ച മത്സ്യം, മട്ടൺ ബിരിയാണി. ഒരാഴ്ചക്കകം കഴിച്ച ആഹാരത്തിലെ പോഷകങ്ങളെ ശരീരം സ്വീകരിക്കും. ദോഷഫലങ്ങൾ മലം, മൂത്രം,കഫം, വിയർപ്പ് എന്നിവയിലൂടെ പുറത്തു പോകും. ഇതുപ്രകാരം നാം ആഹാരത്തിൽ ഒരു ചാക്രീയ ക്രമീകരണം വരുത്തിയാൽ ശരീരത്തിൽ ഒന്നും അമിതമാകുകയില്ല. ഒന്നിന്റെയും ദൗർലഭ്യം ഉണ്ടാകുകയുമില്ല.

നമ്മെ ബാധിക്കുന്ന മിക്കവാറും രോഗങ്ങളുടെ ഉത്ഭവം പ്രത്യക്ഷമായല്ലെങ്കിൽ, പരോക്ഷമായി നമ്മുടെ ഉദരത്തിലാണെന്നു മനസ്സിലായല്ലോ. അതിനാൽ ആരോഗ്യം അഭംഗുരം നിലനിർത്താൻ നമ്മുടെ ഉദരത്തെ വളരെ കരുതലോടെ സൂക്ഷിക്കാം.

***


പോഷകസമൃദ്ധമായ ഒരിനം ആഹാരം നാം കഴിച്ചാൽ ഏഴുദിവസത്തിനു ശേഷമേ അതിന്റെയാവശ്യം ഉണ്ടാകുന്നുള്ളൂ. ഉദാ: ഒരു പ്ലേറ്റ് ഇറച്ചി, പൊരിച്ച മത്സ്യം, മട്ടൺ ബിരിയാണി. ഒരാഴ്ചക്കകം കഴിച്ച ആഹാരത്തിലെ പോഷകങ്ങളെ ശരീരം സ്വീകരിക്കും. ദോഷഫലങ്ങൾ മലം, മൂത്രം,കഫം, വിയർപ്പ് എന്നിവയിലൂടെ പുറത്തു പോകും. ഇതുപ്രകാരം നാം ആഹാരത്തിൽ ഒരു ചാക്രീയ ക്രമീകരണം വരുത്തിയാൽ ശരീരത്തിൽ ഒന്നും അമിതമാകുകയില്ല.




# ന്യൂസ് ഡയറി

(11-17 നവംബർ 2011)

പി.ആർ.

**11.** ഫെബ്രുവരി ഒന്നിനു കൊച്ചി-ഷൊർണൂർ പാസഞ്ചർ ട്രെയിൻ യാത്രയ്ക്കിടെ കൊച്ചിയിലെ സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരി സൗമ്യ(23) ക്രൂരമായി പീഡിപ്പിക്കപ്പെട്ടതിനെത്തുടർന്നു കൊല്ലപ്പെട്ട കേസിൽ കുറ്റക്കാരനാണെന്നു കണ്ടെത്തിയ ഗോവിന്ദച്ചാമിയെ തൂക്കിലേറ്റാൻ തൃശൂർ ഒന്നാം നമ്പർ അതിവേഗ കോടതി ജഡ്ജി കെ.രവീന്ദ്രബാബു വിധിച്ചു.



**12.** അപകീർത്തികരമായ വാർത്ത പ്രസിദ്ധീകരിച്ചതിനു സൺഡേ ഇന്ത്യൻ മാഗസിനു ശശി തരൂർ എം.പി. പത്തുകോടി രൂപ നഷ്ടപരിഹാരമാവശ്യപ്പെട്ടു വക്കീൽ നോട്ടീസ് അയച്ചു.



* സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിലൂടെ നികുതിയിനത്തിൽ 150 കോടി രൂപ ചോരുന്നതായി വിജിലൻസ് റിപ്പോർട്ട്.

**13.** സൗമ്യവധക്കേസിൽ പ്രതിഭാഗത്തിനു സഹായകമാകുന്ന നിലയിൽ തെറ്റായ മൊഴി നല്കിയ തൃശൂർ മെഡിക്കൽ കോളജ് ഫോറൻസിക് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ.ഉന്മേഷിനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തു.

* കിളിരൂർ പീഡനക്കേസിൽ തുടർ അന്വേഷണം ആവശ്യപ്പെട്ട്, പീഡനത്തിനു വിധേയയായി മരിച്ച ശാരിയുടെ മാതാപിതാക്കൾ നല്കിയ ഹർജി സിബിഐ പ്രത്യേക കോടതി തള്ളി.

**14.** ശബരിമല സന്നിധാനത്തു പതിനെട്ടാം പടി കയറുന്നതിന് ഓൺലൈൻ രജിസ്ട്രേഷനിലൂടെ ക്യൂവിൽ ഇടം ഉറപ്പിക്കുന്ന 'വെർച്വൽ ക്യൂ' സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്താൻ ഹൈക്കോടതി ഉത്തരവിട്ടു.

* കോടതിയലക്ഷ്യക്കേസിൽ ഹൈക്കോടതി ആറുമാസം തടവും രണ്ടായിരം രൂപ പിഴയും വിധിച്ച സിപിഎം സംസ്ഥാന സമിതി അംഗം എം.വി.ജയരാജനു പതിനായിരം രൂപയുടെ ബോണ്ടിന്മേൽ ജാമ്യം നല്കാൻ സുപ്രീംകോടതി ഉത്തരവായി.

**15.** രാസവളങ്ങളുടെ നിലയിൽ സംസ്ഥാനത്തിനു കിട്ടുന്ന നാലുശതമാനം നികുതിയും ഒരുശതമാനം സെസ്സും ഒഴിവാക്കി സംസ്ഥാന സർക്കാർ ഉത്തരവിറക്കി.



* അറുപത്തഞ്ചു നാൾ നീളുന്ന മണ്ഡല മകരവിളക്കു തീർത്ഥാടനത്തിനായി ശബരിമല ക്ഷേത്രനട തുറന്നു.



**16.** ശിവഗിരി ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് ബോർഡിന്റെ താത്ക്കാലിക ഭരണസമിതി പ്രസിഡണ്ടായി സ്വാമി പ്രകാശാനന്ദയെയും ജനറൽ സെക്രട്ടറിയായി സ്വാമി ഋതം ഭരാനന്ദയെയും ട്രഷററായി സ്വാമി പരമാനന്ദയെയും തെരഞ്ഞെടുത്തു.

* സംസ്ഥാനത്തെ അൻപതിലേറെ പിന്നോക്ക വിഭാഗങ്ങളുടെ ദീർഘകാല ആവശ്യമായിരുന്ന പിന്നോക്ക ക്ഷേമ വകുപ്പു രൂപവത്ക്കരിച്ചു.

**17.** ദേശീയ വിജ്ഞാന കമ്മീഷൻ മുൻ ചെയർമാനും പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവുമായ സാം പിട്രോഡയെ കേരളത്തിന്റെ വികസനകാര്യ ഉപദേഷ്ടാവായി സംസ്ഥാന സർക്കാർ നിയമിച്ചു.



* യുഡിഎഫ് സർക്കാർ ആറുമാസം പൂർത്തിയാക്കിയ ദിവസം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അടുത്ത ഒരു വർഷം നീണ്ടുനില്ക്കുന്ന കർമപരിപാടികൾ പ്രഖ്യാപിച്ചു.




**11.** ബിനാമിയെ വച്ചു പത്താംക്ലാസ് പരീക്ഷയെഴുതിയ കേസിൽ പ്രതിയായ പുതുച്ചേരി വിദ്യാഭ്യാസ മന്ത്രി പി.എം.എൽ. കല്യാണസുന്ദരത്തെ മുഖ്യമന്ത്രി എൻ.രംഗസ്വാമി മന്ത്രിസഭയിൽ നിന്നു പുറത്താക്കി.



* കോടതിയലക്ഷ്യ കേസിൽ കേരള ഹൈക്കോടതി ആറുമാസം തടവും രണ്ടായിരം രൂപ പിഴയും വിധിച്ചതിനെ ചോദ്യം ചെയ്തു സിപിഎം സംസ്ഥാന കമ്മിറ്റി അംഗം എം.വി.ജയരാജൻ സുപ്രീം കോടതിയിൽ അപ്പീൽ നല്കി.

**12.** ഭൂകമ്പസാധ്യതയുള്ള പ്രദേശങ്ങളിലാണു രാജ്യത്തെ ആറ് ആണവനിലയങ്ങളും സ്ഥിതിചെയ്യുന്നതെന്നു ദേശീയ ദുരന്തനിവാരണ അതോറിട്ടി.

* ലോക്കൽ കമ്മിറ്റി സെക്രട്ടറി മുതൽ ജനറൽ സെക്രട്ടറി വരെയുള്ളവരുടെ കാലാവധി മൂന്നുവർഷം വീതമുള്ള മൂന്നു ടേമായി പരിമിതപ്പെടുത്താൻ സിപിഎം കേന്ദ്രകമ്മിറ്റി തീരുമാനിച്ചു.

**13.** വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനു ടെൻഡർ നല്കിയ വെൽസ്പൺ, മുന്ദ്ര പോർട്ട് എന്നീ കൺസോർഷ്യങ്ങൾക്കു കേന്ദ്ര പ്രതിരോധമന്ത്രാലയം അനുമതി നല്കി.





* സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 122-ാം ജന്മദിനത്തോടനുബന്ധിച്ചു രാജ്യത്തെങ്ങും ശിശുദിനം ആഘോഷിച്ചു.



**14.** ഉത്പാദനം നിരോധിച്ച സാഹചര്യത്തിൽ എൻഡോസൾഫാൻ ഉണ്ടാക്കാനുള്ള അസംസ്കൃത വസ്തുക്കൾ കയറ്റുമതി ചെയ്യാൻ ഉത്പാദക അസ്സോസിയേഷൻ സുപ്രീം കോടതിയുടെ അനുമതി തേടി.

* മുൻ സുപ്രീം കോടതി ജഡ്ജി പി.ബി. സാവന്തിന്റെ ചിത്രം തെറ്റായി സംപ്രേഷണം ചെയ്തതു സംബന്ധിച്ച അപകീർത്തികേസിൽ 100 കോടി രൂപ കെട്ടിവയ്ക്കണമെന്ന ബോംബെ ഹൈക്കോടതി ഉത്തരവിൽ ഇടപെടണമെന്ന ടൈംസ് നൗ ചാനലിന്റെ ആവശ്യം സുപ്രീം കോടതി തള്ളി.



**15.** രാജ്യാന്തര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില കുറയുകയും ഡോളറുമായുള്ള രൂപയുടെ മൂല്യം ഉയരുകയും ചെയ്തതിനെത്തുടർന്നു മൂന്നുവർഷത്തിനിടെ ആദ്യമായി പെട്രോൾ വില ലിറ്ററിന് 1.85 രൂപ കുറച്ചു.



* ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഉത്തർപ്രദേശിനെ നാലു ചെറിയ സംസ്ഥാനങ്ങളായി വിഭജിക്കാൻ നിയമസഭയിൽ പ്രമേയം അവതരിപ്പിക്കുമെന്നു മുഖ്യമന്ത്രി മായാവതി.



* മൂവായിരം കിലോമീറ്റർ ദൂര പരിധിയും ആരു ടണ്ണോളം ഭാരമുള്ള ആണവ പോർമുന വഹിക്കാൻ ശേഷിയുള്ള ഉപരിതല-ഉപരിതല മിസൈലായ അഗ്നി-4 ഒഡിഷ തീരത്തെ വീലർ ദ്വീപിൽ നിന്നു വിജയകരമായി പരീക്ഷിച്ചു.

**16.** പതിമൂന്നുവർഷമായി ജാർഖണ്ഡിൽ ആദിവാസികളുടെ ക്ഷേമത്തിനായി പ്രവർത്തിച്ചുവരികയായിരുന്ന കാക്കനാട് സ്വദേശി സിസ്റ്റർ വത്സ ജോൺ (53) അജ്ഞാതരാൽ കൊല്ലപ്പെട്ടു.

* 26 ശതമാനം വിദേശനിക്ഷേപത്തിനു വ്യവസ്ഥചെയ്യുന്ന പെൻഷൻ ഫണ്ട് റഗുലേറ്ററി ആന്റ് ഡവലപ്മെണ്ട് അതോറിറ്റി ബില്ലിനു കേന്ദ്രമന്ത്രിസഭ അംഗീകാരം നല്കി.

**17.** ഉത്തർപ്രദേശിൽ പ്രണയബന്ധത്തിന്റെ പേരിൽ ഒരു പെൺകുട്ടിയുൾപ്പെടെ മൂന്നു കൗമാരക്കാരെ കൊലപ്പെടുത്തിയ കേസിൽ മഥുരാ ജില്ലാ അഡീഷണൽ കോടതി 15 പേർക്കു വധശിക്ഷ വിധിച്ചു.

* സോഷ്യലിസ്റ്റ് നേതാവും സ്വാതന്ത്ര്യ സമരസേനാനിയുമായിരുന്ന ബാപ്പു കൽദാത്തെ (82) അന്തരിച്ചു.

* രാജ്യത്തെ പിന്നോക്കക്കാർക്കിടയിലെ മേല്ത്തട്ടു പരിധി വാർഷിക വരുമാനം മെട്രോ നഗരങ്ങളിൽ 12 ലക്ഷമായും മറ്റിടങ്ങളിൽ ഒൻപതു ലക്ഷമായും ഉയർത്തി നിശ്ചയിച്ചു.






**11.** ജീൻ സംശ്ലേഷണ രംഗത്തെ കണ്ടുപിടുത്തങ്ങൾക്ക് 1968ൽ വൈദ്യശാസ്ത്ര നോബൽ സമ്മാനം ലഭിച്ച ഇന്ത്യൻ വംശജനായ ശാസ്ത്രജ്ഞൻ ഹർ ഗോവിന്ദ് ഖൊറാന (89) യു.എസിലെ മസാച്യൂസെറ്റ്സിൽ അന്തരിച്ചു.



* ഇറാനെതിരെ സൈനിക നടപടിയുണ്ടായാൽ അമേരിക്കൻ സൈന്യം ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വന്നേക്കാമെന്ന് അമേരിക്കയുടെ പ്രതിരോധ സെക്രട്ടറി ലിയോൺ പെനേറ്റ അഭിപ്രായപ്പെട്ടു

**12.** സിറിയയിൽ ജനകീയ പ്രക്ഷോഭത്തെ അടിച്ചമർത്തുന്ന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് അറബ് ലീഗിൽ നിന്നും സിറിയയെ സസ്പെൻഡു ചെയ്തു.

* ഇറാൻ തലസ്ഥാനമായ ടെഹ്റാനിൽ സൈന്യത്തിന്റെ ആയുധപ്പുരയിലുണ്ടായ സ്ഫോടനത്തിൽ 15 സൈനികർ കൊല്ലപ്പെട്ടു.



**13.** മെക്സിക്കൻ ആഭ്യന്തര മന്ത്രി ഫ്രാൻസിസ്കോ ബ്ലേക്ക് ഉൾപ്പെടെ എട്ടുപേർ ഹെലികോപ്റ്റർ അപകടത്തിൽ കൊല്ലപ്പെട്ടു.



* ഇറ്റലിയിൽ പ്രധാനമന്ത്രി സിൽവിയോ ബെർലുസ്കോണി രാജിവച്ചു.



**14.** ഇന്ത്യയുടെ മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിനെ സെപ്റ്റംബർ 29നു ന്യൂയോർക്കിലെ ജോൺ എഫ്. കെന്നഡി വിമാനത്താവളത്തിൽ അപമാനിക്കും വിധം പരിശോധനയ്ക്കു വിധേയനാക്കിയതിൽ യു.എസ്.അധികൃതർ ക്ഷമചോദിച്ചു.



**15.** മൂന്നു യാത്രക്കാരെയും വഹിച്ചുകൊണ്ടുള്ള റഷ്യയുടെ ബഹിരാകാശ വാഹനമായ സോയൂസ്, കസാഖ്സ്താനിലെ ബൈക്കനുവിൽ നിന്നും വിജയകരമായി വിക്ഷേപിക്കപ്പെട്ടു.



* ഇറ്റാലിയൻ പ്രധാനമന്ത്രിയായി സാമ്പത്തിക വിദഗ്ദ്ധൻ മരിയോ മോണ്ടിയെ തെരഞ്ഞെടുത്തു.

**16.** ഗവൺമെണ്ട് തസ്തികകളിൽ ജോലി ചെയ്യുന്ന വിദേശികളെ ക്രമേണ നീക്കി സ്വദേശികൾക്കു തൊഴിലവസരം നല്കാൻ ശുപാർശ ചെയ്യുന്ന നിർദേശം സൗദി അറേബ്യയിലെ കൂടിയാലോചന സമിതിയായ ശൂറ പാർലമെണ്ട് അംഗീകരിച്ചു.

**17.** ഗാന്ധിജിയുടെ സ്മരണയ്ക്കായി പ്രമുഖ നയതന്ത്രജ്ഞനും എഴുത്തുകാരനുമായ മദൻജിത് സിംഗ് ഏർപ്പെടുത്തിയ, രണ്ടുവർഷത്തിലൊരിക്കൽ നല്കുന്ന മഹാത്മാഗാന്ധി സമ്മാനത്തിന് (ഒരുലക്ഷം യു.എസ്.ഡോളർ) അഫ്ഗാൻ വനിത അനാർക്കലി ഹൊനര്യാർ, പലസ്തീൻ സമാധാന പ്രവർത്തകൻ ഖാലിദ് അബു അസാദ് എന്നിവരെ തെരഞ്ഞെടുത്തു.




# മഷിത്തണ്ടും കല്ലുപെൻസിലും

*കേരളത്തിന്റെ വിദ്യാലയാനുഭവങ്ങളിലൂടെ ഒരു യാത്ര*

പ്രസാ: സഹോദരൻ അയ്യപ്പൻ മെമ്മോറിയൽ കോളജ് ഓഫ് എഡ്യുക്കേഷൻ
പൂത്തോട്ട, എറണാകുളം
ഫോൺ: 0484-2791218

അക്ഷരമുറ്റത്തു പിച്ച വച്ച നാളുകൾ ആർക്കാണു മറക്കാൻ കഴിയുക? കഴിയില്ലെന്നു മാത്രമല്ല ഓരോരുത്തർക്കും ആ കാലഘട്ടത്തെപ്പറ്റി ഗൃഹാതുരതയോടെ ഏറെപ്പറയാനുണ്ടാവുകയും ചെയ്യും. വളർന്നു വലുതായവർക്കും വളർന്നോ എന്നു സംശയിക്കുന്നവർക്കും ഇതു സമാനമായ അനുഭവം.

വളർന്നു വലുതായി എന്നു സമൂഹം സമ്മതിക്കുന്ന 81 പേർ അവരുടെ വിദ്യാലയ സ്മരണകൾ വായനക്കാരുമായി പങ്കുവയ്ക്കുന്നു. അതാണു 'മഷിത്തണ്ടും കല്ലുപെൻസിലും.' അക്കിത്തം, ചെമ്മനം ചാക്കോ, എം. ജി.എസ്. നാരായണൻ, സി.രാധാകൃഷ്ണൻ, ബിനോയ് വിശ്വം തുടങ്ങിയ പ്രമുഖരുടെ നീണ്ട നിര ഇതിലുണ്ട്.

പൂത്തോട്ട എസ്.എ.എം.കോളജാണ് ഈ അപൂർവശില്പം നമുക്കു സമ്മാനിക്കുന്നത്. തീർച്ചയായും അഭിനന്ദനാർഹമായ ഒരു സംരംഭം.

ഈ ഓർമക്കൂട്ടിന്റെ ശില്പികൾക്കു പറയാനുള്ളതു ശ്രദ്ധിക്കുക:

തന്റെ കുഞ്ഞുവിരലുകൾ ഒറ്റപ്പെട്ടുപോകുന്നതിന്റെ നൊമ്പരം അറിഞ്ഞ ദിവസം-തനിക്കു വേണ്ടിയായിരുന്നു അന്നു തെച്ചി പൂത്തത്. തനിക്കു വേണ്ടിയായിരുന്നു തേന്മാവു കായ്ച്ചത്. പിന്നെ തനിക്കുവേണ്ടി പാടുന്ന കുയിലുകൾ– ഇടവഴികളിൽ ചെളിവെള്ളം തെറിപ്പിച്ചു തവളകളെയെണ്ണി പുസ്തകസഞ്ചി കുടയാക്കി നടന്നകന്നു മാഞ്ഞുപോയ ശൈശവം.




കാലിൽ മുള്ളുകൊണ്ടുള്ള വേദന മാറ്റാൻ അന്ന് അമ്മയുടെ ചുംബനത്തിനും അച്ഛന്റെ കഥയ്ക്കും കഴിഞ്ഞിരുന്നു. തന്റെ കഥകൾ കേൾക്കാൻ അമ്പലക്കുളത്തിലെ വരാലുകളുണ്ടായിരുന്നു.

ഇരുകര മുട്ടിയൊഴുകുന്ന മഴവെള്ളപ്പാച്ചിലിൽ ഊളിയിട്ടു നീന്തുന്ന സൗഹൃദങ്ങൾ. കീറിപ്പറിഞ്ഞ പട്ടുശീലയുടെ തുമ്പ് എന്നും കാരപ്പഴം കൊണ്ടു നിറച്ചു. അറ്റമില്ലാത്ത വള്ളിനിക്കറിന്റെ കീശയിൽ കയ്യിട്ട് അവസാനത്തെ 'പുല്ലുമിഠായി'ക്കാരനും തന്നെ കടന്നു പോകുന്നതു കണ്ടറിഞ്ഞു. ആദ്യമായി കിട്ടിയ പട്ടുപാവാട എല്ലാവരെയും കാണിക്കാനുള്ള ധൃതിയിൽ ഇടവഴിയിലെ കൽച്ചീളുകൾ. കാലുകീറിയതു കണ്ടതു പിന്നെന്നോ ആയിരുന്നു...

ആദ്യം പെയ്ത മഴയിൽ നനഞ്ഞു കുതിർന്ന കുപ്പായം. നനയാതിരിക്കാൻ കുപ്പായത്തിലൊളിപ്പിച്ച സ്ലേറ്റിൽ പറ്റിപ്പിടിച്ചിട്ടുണ്ടായിരുന്നു മായാതെ മറയാതെ ഇത്തിരി അക്ഷരങ്ങളും വലിയ ഒരു ശരിയും. സ്നേഹത്തിന്റെ മേമ്പൊടിയിൽ മാത്രം കേട്ട കഥകൾക്കും, ആസ്വദിച്ച പാട്ടുകൾക്കും എന്നെങ്കിലും ഒരു പുനരാവിഷ്കരണമുണ്ടാകുമോ എന്നറിയില്ലായിരുന്നു.

അക്ഷരങ്ങൾ വാക്കുകളായും വാക്കുകൾ വാചകങ്ങളായും വാചകങ്ങൾ തീക്ഷ്ണമായ ആശയങ്ങളായും മാറിയപ്പോൾ പോലും മറന്നിരുന്നില്ല, ആ ബാല്യകാല മധുരസ്മരണകൾ.

ആദ്യമായ് സ്ലേറ്റിൽ തെളിഞ്ഞു വന്ന അക്ഷരങ്ങൾ കണ്ടപ്പോൾ തോന്നിയ വികാരത്തെ എന്തു പേരിട്ടു വിളിക്കണമെന്ന് ഇന്നും അറിയില്ല. എന്നോ മറന്നുപോയ ഈരടികളുടെ ആവർത്തനമായിരുന്നു ആശാൻ പകർന്നു തന്നതെന്ന് അറിഞ്ഞിരുന്നില്ല.

ആ സുവർണ കാലത്തേക്കു... പഴയ സ്കൂൾ മുറ്റത്തേക്ക്... വീണ്ടും ഓർമകളിലേക്കൊരു തിരിച്ചുപോക്ക്... ആദ്യാക്ഷരത്തിന്റെ നാളിൽ തന്നെ താളമേളങ്ങളുടെ അകമ്പടിയോടെ പെയ്ത മഴയിൽ തന്നിലേക്കു ചേക്കേറിയ ഓർമകൾ, ഒരു നേർത്ത തേങ്ങലോടെ തുറക്കപ്പെടുന്നു.

ഹൃദയതാളത്തിനൊപ്പം എന്നും സൂക്ഷിക്കാൻ ഒരു ഓർമ പുസ്തകം-അതാണു "മഷിത്തണ്ടും കല്ലുപെൻസിലും."

*Chief Editor: Prof. Dr. Kurias Kumblakuzhy. Edited, printed and published by the Chief Editor for Pratichaya Publishing Trust, Kottayam. Printed at Mangalam Publications & Pvt. Ltd, Kottayam.*

# പ്രതിച്ഛായ

## രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക

**അഞ്ചാം വയസ്സിലേക്ക്**

**പ്രാദേശിക ദേശീയ രാഷ്ട്രീയ ചലനങ്ങൾ**
**സത്യസന്ധതയോടെയും പ്രതിജ്ഞാബദ്ധതയോടെയും**
**വായനക്കാരിലേക്കെത്തിക്കുന്നു**

സാംസ്കാരിക കേരളത്തിന്റെ ഉൾത്തുടിപ്പുകൾ
ഒപ്പിയെടുക്കുന്ന ലേഖനങ്ങൾ, പഠനങ്ങൾ

**തെറ്റും തിരുത്തും**
മാടവന ബാലകൃഷ്ണപിള്ള

**വാരവിചാരണ**
**ജെയ്സൺ ജോസ്**

**കണ്ണിനും കണ്ണാടിക്കും**
**എസ്. കൃഷ്ണദാസ്**

**സിപ്പിയങ്കിളും കുട്ട്യോളും**
**സിപ്പി പള്ളിപ്പുറം**

**ഫ്ളാഷ് ബാക്ക്**
**തേക്കിൻകാട് ജോസഫ്**

**സുദർശനം**
**കിളിരൂർ രാധാകൃഷ്ണൻ**

എന്നീ പംക്തികൾക്കു പുറമെ

**രാഷ്ട്രീയ വാർത്തകൾ**
**ന്യൂസ് ഡയറി**
എന്നിവയും

**വരുത്തുക വായിക്കുക പ്രബുദ്ധരാവുക**
*വാർഷിക വരിസംഖ്യ 300 രൂപ*
*(തപാലിൽ മാത്രം)*

എല്ലാ ബുധനാഴ്ചയും കോട്ടയത്തു നിന്നു പ്രസിദ്ധീകരിക്കുന്നു

*പ്രതിച്ഛായ, പാലസ് റോഡ്, കോട്ടയം - 686001*